
# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 3 ലക്കം 6 നവംബർ 2020




## വന്ദ്യ ഫിലിപ് ഉഴുന്നലൂർ കോറെപ്പിസ്കോപ്പായ്ക്ക് ആദരാഞ്ജലികൾ!



# 26-ാം ഓർമ്മപ്പെരുന്നാൾ

## ആർച്ചുബിഷപ്പ് ബനഡിക്ട്
## മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

# പാറശ്ശാല ഭദ്രാസന ബുള്ളറ്റിൻ

വാല്യം 3 നവംബർ 2020 ലക്കം 6

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ (പുനരൈക്യവാർഷിക സഭാസംഗമം) | 4 |
| സർക്കുലർ (യുവജനദിനം) | 8 |
| സഭാ വാർത്തകൾ | 15 |
| ഭദ്രാസന വാർത്തകൾ | 18 |
| വിശ്വാസ പരിശീലന കാര്യാലയം | 27 |
| എം.സി.വൈ.എം. | 27 |
| KIDS | 30 |
| മാതൃവേദി | 31 |
| വിദ്യാഭ്യാസം | 32 |
| സ്മരണീയ ദിനങ്ങൾ | 36 |



*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Sheen Thankalayam

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Hormis
Puthenveettil


*(Private Circulation Only)*

# ഇടയശബ്ദം



സ്നേഹമുള്ളവരെ,

നമുക്ക് പരിചിതമായ ചരിത്രത്തിലെ വളരെ വ്യത്യസ്തമായ ഒരു സമയത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. ഏതാണ്ട് എട്ട് മാസ ങ്ങളായി ലോകത്തെ മുഴുവൻ ഗ്രസിച്ച കൊറോണ വൈറസ് നമ്മുടെ സമൂഹജീവിതത്തെയും സഭാജീവിതത്തെയും വല്ലാതെ പരിമിതപ്പെടുത്തി. നിരവധിയായ പ്രയാസങ്ങൾക്ക്, നിയന്ത്രണങ്ങൾക്ക് നാമേവരും വിധേയരാണ്. ഈ രോഗവും അത് സൃഷ്ടിച്ച ആശങ്കയും ഭീതിയും ഒരു വശത്ത്, അതിന്റെ ഫലമായി ഉണ്ടായ സാമ്പത്തിക, സാമൂഹിക സമ്മർ ദ്ദങ്ങൾ മറുവശത്ത്. വിശിഷ്യ നമ്മുടെ ഭദ്രാസന പ്രദേശത്തും ചുറ്റുപാടു കളിലും ഈ പ്രതിസന്ധികൾ നമ്മുടെ സാധാരണ ജീവിതത്തെ സാര മായി ബാധിച്ചു എന്ന് നമുക്കറിയാം.

ഒരുപക്ഷേ ഈ പകർച്ചവ്യാധികളുടെ തിക്തഫലം ഏറ്റവും രൂക്ഷ മായി ഏറ്റുവാങ്ങേണ്ടി വന്നത് നമ്മുടെ സഭാജീവിതം തന്നെയാണ്. കൊറോണ വൈറസ് വ്യാപനം നമ്മുടെ സഞ്ചാര സാധ്യതയെ നിയന്ത്രി ക്കുകയും കൂടിവരവുകൾ അസാധ്യമാക്കുകയും ചെയ്തു. സമൂഹ ജീവിതത്തിലെ പലതലങ്ങളിലും ഈ നിയന്ത്രണങ്ങളെ ഒരു പരിധിവരെ ഓൺലൈൻ സാധ്യത കൊണ്ട് അതിജീവിക്കുവാൻ നമുക്ക് സാധിക്കു ന്നുണ്ട്. എന്നാൽ വിശ്വാസത്തിന്റെയും ആത്മീയതയുടെയും അന്തഃ സത്ത, ഉദാത്തമായ മനുഷ്യബന്ധങ്ങളിൽ ഉറപ്പിച്ച ദൈവാഭിമുഖ്യമാണ്. ഇപ്രകാരമുള്ള മനുഷ്യബന്ധങ്ങളുടെ സവിശേഷ തലങ്ങളെ ഓൺലൈൻ സാധ്യത കൊണ്ട് പകരംവയ്ക്കുവാൻ സാധിക്കുകയില്ല എന്ന് മാത്രമല്ല, സാവകാശം ഈ ഓൺലൈൻ ലോകത്തിലേക്കുള്ള പരിമിതപ്പെടുത്തൽ ഈ ബന്ധങ്ങളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഉദാഹരണത്തിന് ഒരു കുടുംബത്തിൽ വ്യക്തികൾ അനുഭവിക്കേണ്ട യഥാർത്ഥത്തിലുള്ള പരസ്പര സാന്നിധ്യത്തിന്റെയും കൂട്ടായ്മയുടെയും നന്മ ഒരു വെർച്വൽ ലോകത്തിൽ ഒരിക്കലും ലഭ്യമാവുകയില്ല.

കുടുംബബന്ധത്തിൽ വ്യക്തികൾ അനുഭവിക്കുന്ന പാരസ്പര്യത്തിന്റെ വികസിത ഭാവമാണ് സഭാജീവിതം. കൂടാതെ അവിടെ ദൈവസാന്നിധ്യ ത്തിന്റെ കൗദാശിക രഹസ്യാത്മകതയും ഉണ്ട്. ഈ യാഥാർത്ഥ്യത്തെ ഒരു വെർച്വൽ ലോകത്തിന് ഉൾകൊള്ളുവാൻ സാധിക്കുകയില്ല. എന്ന് മാത്രമല്ല ഈ അഭൗമമായ കൗദാശികതയെ അത് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ, കഴിഞ്ഞ പല മാസങ്ങളായി ഒരു വലിയ പരിധിവരെ അടഞ്ഞുകിടക്കുന്ന നമ്മുടെ ദൈവാലയങ്ങളും അതുമായി ബന്ധപ്പെട്ട

യഥാർത്ഥ ആരാധനാ അനുഭവങ്ങളുടെയും സഭാത്മക ജീവിതാനുഭവങ്ങളുടെയും അഭാവവും നമ്മുടെ സഭാ ജീവിതത്തിലേറ്റ വലിയ ആഘാതമാണ്. ഒരുപക്ഷേ, ഈയൊരു പ്രതിസന്ധിയെ അല്പമായെങ്കിലും നമുക്ക് അതിജീവിക്കാൻ സാധിക്കുക, പ്രധാനമായും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയല്ല. പിന്നെയോ, സാധ്യമായ രീതിയിൽ ഇടവക കേന്ദ്രീകൃതമായ ചെറിയ സഭാത്മക കൂട്ടായ്മ അനുഭവങ്ങൾക്ക് വേദിയൊരുക്കികൊണ്ടും അവയെ പരിപോഷിപ്പിച്ചുകൊണ്ടും അവിടെ സഭാത്മകനന്മകൾ സന്നിഹിതമാക്കികൊണ്ടുമാണ്.

ഈ കോവിഡ് പരിമിതികൾ നിലനിൽക്കുന്നിടത്തോളം കാലം ഇപ്രകാരമൊരു സഭാജീവിത, അജപാലനശൈലി അവലംബിച്ചുകൊണ്ട് മാത്രമേ നമ്മുടെ സഭാജീവിതത്തെ സജീവമായി സംരക്ഷിക്കുവാനും പരിപാലിക്കുവാനും നമുക്ക് സാധിക്കൂ. അതിനായി നമുക്ക് സമർപ്പിതരാകാം. ഈ പ്രതിസന്ധികളെ തരണം ചെയ്തു എത്രയും വേഗം നമ്മുടെ സഭാജീവിതവും ആത്മീയ ജീവിതവും പൂർവ്വാധികം ചൈതന്യവത്താക്കുവാനുള്ള ദൈവാനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കുകയും ചെയ്യാം.

2020 സെപ്തംബർ 25-ാം തീയതി വന്ദ്യ ഉഴുന്നല്ലൂർ ഫിലിപ്പ് കോറെപ്പിസ്ക്കോപ്പാ തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടുവല്ലോ. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും വിശിഷ്യ, പാറശ്ശാല ഭദ്രാസനത്തിനും ഈ വന്ദ്യ പുരോഹിതനോടുള്ള കടപ്പാട് വിവരാണാതീതമാണ്. ഏതാണ്ട് അഞ്ചര പതിറ്റാണ്ട് കാലം നമ്മുടെ ഈ പ്രദേശത്ത് ബഹുമാനപ്പെട്ട അച്ചൻ നിർവഹിച്ച നിസ്തുലമായ പ്രേക്ഷിത ശുശ്രൂഷയുടെ സത്ഫലമാണ് പാറശ്ശാല ഭദ്രാസനം എന്ന് പറയുന്നതിൽ അതി ശയോക്തിയില്ല. നാം ഏവരേയും ദൈവമക്കളുടെ അന്തസ്സിൽ ജീവിക്കുവാൻ പ്രാപ്തരാക്കുവാനുള്ള ഒരു സമർപ്പണമായിരുന്നു ആ ജീവിതം. ഒരു പ്രേഷിതൻ എന്ന നിലയിൽ അച്ചൻ ദൈവത്തിന്റെ കരങ്ങളിലെ ഒരത്ഭുതമായിരുന്നു. അച്ചൻ ഈ പ്രദേശത്ത് തെളിയിച്ച സുവിശേഷത്തിന്റെ വെളിച്ചം കൂടുതൽ ശോഭയോടെ പ്രകാശിപ്പിക്കുവാനുള്ള നമ്മുടെ സമർപ്പണമാണ് അച്ചന് നമുക്ക് നൽകാവുന്ന് ഏറ്റവും വലിയ ആദരം. അച്ചന്റെ ആത്മാവിന് ദൈവം നിത്യശാന്തി നൽകട്ടെ എന്ന് പ്രാർത്ഥിക്കാം.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2020

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും*
*സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## 90-ാം പുനരൈക്യവാർഷിക സഭാസംഗമം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ സാക്ഷ്യം ഭാരതസഭയിൽ സംഭവിച്ചിട്ട് 90 വർഷം പൂർത്തിയാകുന്നു. ഈ അവസരത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ നവതിയുടെ സമാപനവും സഭാസംഗമവും വലിയ സന്തോഷത്തോടും കൃതജ്ഞതയോടും ആത്മാഭിമാനത്തോടും കൂടി ആഘോഷിക്കുകയാണ്. പുനരൈക്യശിൽപി ദൈവദാസൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കരയിൽവച്ച് സെപ്റ്റംബർ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങളിൽ ആത്മീയമായി പങ്കുചേരുവാൻ സഭാമക്കളേവരെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

പുനരൈക്യ പ്രവാചകൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായിലൂടെ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം 90 വർഷം പൂർത്തിയാകുമ്പോൾ, വന്ദ്യപിതാവ് കൊളുത്തിയ ഐക്യത്തിന്റെ ദീപം ഇതുവരെയും കാത്തുസൂക്ഷിക്കുവാനും അനേകർക്ക്

പ്രകാശമാകുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ദൈവം പ്രത്യേകം ഒരുക്കിയതിനെയോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. കഴിഞ്ഞ 9 ശതാബ്ദം ദൈവം നമ്മുടെ സഭാകൂട്ടായ്മയെ കൂടെയിരുന്ന് നയിച്ചതിനെയോർത്ത് അവിടുത്തെ തിരുമുമ്പിൽ നമുക്ക് നന്ദിയുള്ളവരാകാം. ഒരു സഭാസമൂഹമെന്നനിലയിൽ കഴിഞ്ഞകാലങ്ങളിൽ വന്നുപോയിട്ടുള്ള കുറവുകളെയും, പോരായ്മകളെയും ശുശ്രൂഷാ മേഖലകളിൽ വന്ന തളർച്ചകളെയും തിരിച്ചറിഞ്ഞ് നമുക്ക് ദൈവത്തോട് മാപ്പ് അപേക്ഷിക്കാം. അടുത്ത പത്തു വർഷക്കാലം പുനരൈക്യ ശതാബ്ദിക്കായി നാം പ്രത്യേകമായി ഒരുങ്ങേണ്ട കാലഘട്ടമാണല്ലോ! ഒരു സഭയായി ഉറച്ച വിശ്വാസത്തോടും, ബോധ്യത്തോടും, തീക്ഷ്ണതയോടും, അഭിഷേകത്തോടുംകൂടെ ഇതിനായി നമുക്ക് ഒരുങ്ങാം.

സഭാചരിത്രത്തിൽ 1930 സെപ്റ്റംബർ 20-ന് നടന്ന പുനരൈക്യ മഹാസാക്ഷ്യം പൊടുന്നനെ സംഭവിച്ച ഒരു കാര്യമല്ല. മാതൃസഭയ്ക്കുള്ളിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളുടെയും വെട്ടിപ്പിടിക്കലിന്റെയും വിദ്വേഷത്തിന്റെയും നെടുവീർപ്പുകൾ മാർ ഈവാനിയോസ് പിതാവിനെ സത്യവിശ്വാസത്തിന്റെ സ്ഥിരീകരണത്തിലേക്കും, അനന്യമായ സമർപ്പണത്തിലേക്കും, തിരുസഭാകൂട്ടായ്മയിലേക്കും വഴിനടത്തി. സ്ഥാനമാനങ്ങളും സാമ്പത്തിക ലാഭങ്ങളുമൊക്കെ ദൈവസമ്പാദനത്തിനായി ഉപേക്ഷിക്കുവാനുള്ള വന്ദ്യ പിതാവിന്റെ നിശ്ചയദാർഢ്യം പുനരൈക്യ വഴിയിലെ ചരിത്ര പാഠങ്ങളാണ്. ''ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും'' (യോഹ.12:24). പഴയ നിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തെപ്പോലെ ദൈവത്തിൽ മാത്രം ശരണം വച്ചുകൊണ്ട് നടത്തിയ ഒരു വിശ്വാസ തീർത്ഥാടന യാത്രയുടെ പരിണിതഫലമാണ് പുനരൈക്യ മഹാസാക്ഷ്യം. ഇന്ന് നവതിയിലെത്തി നിൽക്കുന്ന മലങ്കര സഭയുടെ ഈ സുവിശേഷ സാക്ഷ്യം നാളിതുവരെയും പ്രതിസന്ധികളിൽ തളരാതെ പ്രോജ്ജ്വലമായി കാത്തുസൂക്ഷിച്ച പൂർവ്വസൂരികളെ, പിതാമഹൻമാരെ, സമർപ്പിതരെ, പ്രേഷിതരെ ഇത്തരുണത്തിൽ കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. അവർ ഭരമേൽപ്പിച്ച ഈ പുനരൈക്യദീപ്തി തലമുറകളിലേക്ക് കൈമാറാൻ നമുക്ക് പരിശ്രമിക്കാം.

പുനരൈക്യം യഥാർത്ഥത്തിൽ ഒരു സുവിശേഷ സാക്ഷ്യമായിരുന്നു. ''അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചു

വെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ.17:21). യേശു ക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ സാരാംശം ഇത് തന്നെയാണ് സൂചിപ്പിക്കുക. ആയതിനാൽ, പുനരൈക്യം ഒരു തുടർ സുവിശേഷ പ്രക്രിയയാണ്. എന്നും, എക്കാലവും, എവിടെയും അത് തുടരേണ്ടിയിരിക്കുന്നു. ലോകമാസകലം ക്രൈസ്തവ സമൂഹം പലവിധത്തിൽ ഞെരുക്കപ്പെടുന്ന ഒരു കാലമാണിത്. പുരാതനമായ ദൈവാലയങ്ങൾ പിടിച്ചെടുക്കപ്പെടുന്നു, തീവ്രവാദം വിവിധ രൂപങ്ങളിൽ ഫണമുയർത്തി നിൽക്കുന്നു, വർഗീയ വിദ്വേഷങ്ങൾ കലാപങ്ങളായി മാറുന്നു. കോവിഡ് മഹാവ്യാധിയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ അകലങ്ങളും അകൽച്ചകളും വർത്തമാനമാകുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുരഞ്ജനത്തിന്റെ ഒരു ചരിത്രസ്മാരകമായാൽ പോരാ, മറിച്ച് ജീവിക്കുന്ന സാക്ഷ്യമാകണം. വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ വന്ദ്യപിതാവിന്റെ ജന്മനാടായ മാവേലിക്കരയിൽ വച്ച് നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങൾ ഒരാത്മീയ സാക്ഷ്യമാകുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കാം.

കോവിഡ്-19 എന്ന വ്യാധി ലോകം മുഴുവനും ഒരുപോലെ ബാധിച്ചിരിക്കുന്ന ഈ കാലയളവിൽ എല്ലാ മനുഷ്യരും ഭയത്തിലും, ആകുലതയിലും നിരവധിയായ പ്രയാസങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഈ മഹാവ്യാധിയെ ദൈവം ഇടപെട്ട് എത്രയും പെട്ടെന്ന് ഈ ലോകത്തിൽനിന്നും തുടച്ചുമാറ്റാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. കോവിഡ്-19 എന്ന രോഗത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ പുനരൈക്യ നവതി ആഘോഷവും സഭാസംഗമവും ആത്മീയമായും ഏറ്റം ലളിതമായും നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഗവൺമെന്റ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുള്ള ലളിതമായ ഒരു കൂടിവരവും ആഘോഷവും മാത്രമേ ഈ വർഷം ഉണ്ടായിരിക്കുകയുള്ളൂ.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കര വച്ച് നടത്തുന്ന പുനരൈക്യ നവതിയ്ക്കും സഭാസംഗമത്തിനും ആതിഥേയത്വം വഹിക്കുന്നത് മാവേലിക്കര ഭദ്രാസനമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഞ്ചാമത്തെ ഭദ്രാസനമായി 2007-ൽ സ്ഥാപിതമായ മാവേലിക്കര ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വളർച്ചയെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും കൂട്ടായ്മ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സെപ്റ്റംബർ 18-ന് മുമ്പ് നടത്തപ്പെടുന്നതാണ്. പുനരൈക്യ നവതി

യുടെ പ്രധാന ആഘോഷങ്ങൾ നിയന്ത്രണവിധേയമായി സെപ്റ്റംബർ 19 മുതൽ 21 വരെ മാവേലിക്കരയിൽവച്ച് നടത്തപ്പെടുന്നതാണ്. 19-ാം തീയതി മതസൗഹാർദ സമ്മേളനവും, 20-ാം തീയതി രാവിലെ 10 മണിക്ക് എക്യുമെനിക്കൽ സമ്മേളനവും വൈകിട്ട് 6.30-ന് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും ഉണ്ടായിരിക്കുന്നതാണ്. 21-ന് രാവിലെ 8 മണിക്ക് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ സഭയ്ക്ക് മുഴുവനും വേണ്ടി ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. തുടർന്ന് പൊതുസമ്മേളനവും നടത്തുന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യം മനസിലാക്കി എല്ലാവരും സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെ ആഘോഷ പരിപാടിയിൽ സംബന്ധിക്കാൻ പരിശ്രമിക്കുമല്ലോ! വിശദവിവരങ്ങൾ നവതി ആഘോഷങ്ങൾക്ക് ആതിഥ്യം നൽകുന്ന മാവേലിക്കര ഭദ്രാസനത്തിൽ നിന്നും ഇടവകകളെ അറിയിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യത്തിന്റെ നവതി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകുവാൻ ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നാമകരണ നടപടിയിൽ എല്ലാവരുടെയും പ്രാർത്ഥന ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാ പുനരൈക്യത്തിന്റെ ആത്മീയ ഭാവം നഷ്ടപ്പെടാതെ ആ ചൈതന്യം എന്നും നിലനിർത്തി, നമ്മുടെ മക്കളെ കൃപനിറയുന്ന കുടുംബങ്ങളായി സംരക്ഷിച്ച്, സുവിശേഷകയായി, നമ്മുടെ സഭയെ എന്നും നയിക്കണമേയെന്ന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത്, ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01-09-2020

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

# യുവജനദിന സന്ദേശം-2020

### യുവജനങ്ങൾക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. വിൻസന്റ് മാർ പൗലോസ് മെത്രാപ്പോലീത്തായുടെ സന്ദേശം

**"യുവാവേ, ഞാൻ നിന്നോട് പറയുന്നു, എഴുന്നേൽക്കുക"**
**(ലൂക്കാ 7:24)**

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, എന്റെ പ്രിയ യുവജന സുഹൃത്തുക്കളെ,

മലങ്കരയിൽ കത്തോലിക്കാ സംസർഗത്തിന് സമാരംഭംകുറിച്ച പുനരൈക്യ സംഭവത്തിന്റെ തൊണ്ണൂറ് വർഷങ്ങൾ 2020 സെപ്റ്റംബർ 20, 21 തീയതികളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ മാവേലിക്കരയിൽവച്ച് ആഘോഷിച്ചു. മാവേലിക്കര ഭദ്രാസനം ആതിഥേയത്വം വഹിച്ച ആഘോഷങ്ങൾ കോവിഡ് 19 എന്ന മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ വളരെ ലളിതമായിരുന്നെങ്കിലും, നമ്മുടെ സഭയുടെ ഊർജ്ജസ്വലത സാക്ഷ്യപ്പെടുത്താനും പുനരൈക്യ പ്രവർത്തനങ്ങളോടും പ്രേഷിത പരിശ്രമങ്ങളോടുമുള്ള നമ്മുടെ സമർപ്പണ നവീകരണത്തിന് ഉതകുന്നവിധം ആഘോഷങ്ങൾ മനോഹരവും ചൈതന്യവത്തുമാക്കിത്തീർക്കാനും സാധിച്ചു. ഇതേ അരൂപിയിൽ, മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ദിവസമായ ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച ഈ വർഷത്തെ യുവജന ദിനമായി നാം ആഘോഷിക്കുകയാണ്. ഇത്തരുണത്തിൽ എന്റെ എല്ലാ യുവജന സുഹൃത്തുക്കളെയും, വളരെ പ്രത്യേകമായി, നമ്മുടെ സഭയുടെ യുവജന ശുശ്രൂഷയിൽ പങ്കാളികളായിരിക്കുന്ന ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും, അത്മായ നേതാക്കന്മാരെയും അഭിവാദനം ചെയ്യു

ന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

യഥാർത്ഥത്തിൽ, കോവിഡ് 19 എന്ന മഹാമാരി ബാധിക്കാത്ത നമ്മുടെ സാമൂഹിക ജീവിതത്തിലെ ഒരു മേഖലപോലുമില്ല. നമ്മുടെ അനുദിന ജീവിതം അടിസ്ഥാനപരമായി മാറ്റത്തിനുവിധേയമാവുകയും വ്യക്തിബന്ധങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നവിധം വൈറസിനെതിരെയുള്ള നമ്മുടെ പോരാട്ടത്തിന്റെ അനന്തരഫലങ്ങളും ഭാവിയിൽ നാം അഭിമുഖീകരിക്കാനിരിക്കുന്ന വെല്ലുവിളികളും പ്രവചനാതീതമാണ്. ഭാവിയിൽ ഒരു സമയത്ത് ഈ വൈറസിനെ ഫലപ്രദമായി പിടിച്ചുകെട്ടാൻ സാധിക്കുമെന്ന് ജനങ്ങൾ പ്രത്യാശയുള്ളവരായിരിക്കുമ്പോഴും, കഴിഞ്ഞുപോയ നൂറ്റാണ്ടുകളിൽ ആരോഗ്യരംഗത്ത് വിപ്ലവാത്മകമായ പുരോഗതിയുണ്ടായെങ്കിലും ഇപ്പോൾ ഓരോരുത്തരും നിസ്സഹായരാണ്. തീർച്ചയായും, ഇവയൊക്കെ ഈ ലോകത്തിലെ നമ്മുടെ നിലനിൽപ്പ് എത്ര ദുർബലമാണെന്നും നമ്മുടെ സാമൂഹിക ബന്ധങ്ങൾ നൽകുന്ന സുരക്ഷ എത്ര ക്ഷണികമാണെന്നും നമ്മെ ചിന്തിപ്പിക്കണം. യഥാർത്ഥത്തിൽ, കോവിഡ് 19 എന്ന മഹാവ്യാധി ഒരു പുതിയ തുടക്കത്തിന് നമ്മെ വെല്ലുവിളിക്കുന്നു.

**ക്രിസ്തുവിൽ രൂഢമൂലമാവുക**

35-ാം ലോക യുവജന ദിനത്തിനും അതിനെ തുടർന്നുള്ള രണ്ടു വർഷത്തിനുമുള്ള പഠനവിഷയം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നമുക്ക് തന്നു കഴിഞ്ഞിരിക്കുന്നു. ലിസ്ബണിലെ ലോക യുവജന ദിനത്തിന്റെ വിഷയം: “മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പുറപ്പെട്ടു” (ലൂക്കാ 1:39) എന്നതാണ്. 2020 മുതൽ 2021 വരെയുള്ള രണ്ടു വർഷത്തേയ്ക്ക് നാം രണ്ടു വേദഭാഗങ്ങളെക്കുറിച്ച് വിചിന്തനം നടത്തണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു, അവ യഥാക്രമം, “യുവാവേ, ഞാൻ നിന്നോടു പറയുന്നു, നീ എഴുന്നേൽക്കുക” (ലൂക്ക 7:14) “എഴുന്നേൽക്കു, നീ കണ്ടതിനെക്കുറിച്ച് സാക്ഷിയാകുവാൻ ഞാൻ നിന്നെ നിയമിച്ചിരിക്കുന്നു” (അപ്പ. പ്രവ. 26:16) എന്നിവയാണ്. ‘എഴുന്നേൽക്കുക,’ അല്ലെങ്കിൽ ‘എഴുന്നേറ്റു നിൽക്കുക’ എന്ന പദപ്രയോഗം ഈ വാക്യങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുന്നുണ്ട്. ക്രിസ്തു ജീവിക്കുന്നു (*Christus Vivit*) എന്ന അപ്പസ്തോലിക പ്രബോധനത്തിലും ഈ പദം സ്ഥിരമായി ഉപയോഗിക്കുന്നുണ്ട്. ഒരു പുതിയ ജീവിതത്തിന്റെ ആരംഭത്തെ അത് സൂചിപ്പിക്കുന്നു. മാർപാപ്പാ പറയുന്നു: “നിങ്ങളുടെ ജീവതേജസ്സ്, നിങ്ങളുടെ സ്വപ്നങ്ങൾ, നിങ്ങളുടെ ആവേശം, നിങ്ങ

ളുടെ ശുഭാപ്തിവിശ്വാസം, നിങ്ങളുടെ ഔദാര്യ മനോഭാവം എന്നിവ നഷ്ടപ്പെടുകയാണെങ്കിൽ യേശു നിങ്ങൾക്കു മുമ്പേ നിലകൊള്ളും. ഒരിക്കൽ അവൻ വിധവയുടെ മരണപ്പെട്ട മകന്റെ മുമ്പിൽ നിൽക്കുകയും, അവന്റെ ഉയിർപ്പിന്റെ സർവാധികാരത്തോടുംകൂടി കൽപ്പിച്ചതുപോലെ: "യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേൽക്കുക" (നം. 20)

ഇക്കാലഘട്ടത്തിലെ തലമുറയുടെ സ്വഭാവ പ്രത്യേകത എന്തെന്നാൽ വിവേചനശക്തിയെക്കാൾ അനുഭവത്തെയും, പ്രാതിനിധ്യത്തെക്കാൾ പങ്കാളിത്ത ദൗത്യത്തേയും, വാക്കുകളെക്കാൾ പ്രവൃത്തികളെയും, ഒറ്റപ്പെടുന്നതിനേക്കാൾ ബന്ധപ്പെട്ടിരിക്കുന്നതിനെയും അന്വേഷിക്കുന്നു എന്നതാണ്. എന്നിരുന്നാലും, കോവിഡ് 19 മഹാവ്യാധിയ്ക്കെതിരെയുള്ള നമ്മുടെ പടവെട്ടൽ, സാമൂഹിക അകലത്തിന്റെ പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായി ഈ ചോദനകളെ വെല്ലുവിളിക്കുന്നു. തീർച്ചയായും, ഡിജിറ്റൽ ലോകം സാമൂഹിക അകലത്തിന്റെ പ്രതിബന്ധങ്ങളെ മറികടക്കുവാനുള്ള ചില കുറുക്കുവഴികൾ നമുക്ക് നൽകുന്നുണ്ട്. എന്നാൽ, നമ്മുടെ ജീവിതം സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെയും അതിന്റെ ബൃഹത്തായ ശൃംഖലകളേയും കൂടുതലായി ആശ്രയിക്കേണ്ടി വരുന്നതിന്റെ വിപരീതഫലങ്ങളെക്കുറിച്ചും നാം വ്യക്തമായി മനസിലാക്കുന്നു. നമ്മുടെ മുറികളുടെ ശാന്തതയിലേയ്ക്ക് പോലും അവ അതിക്രമിച്ചു കടക്കുന്നുണ്ട്. നമ്മെ ബന്ധിപ്പിക്കുന്നു എന്ന അവരുടെ ഉന്നത അവകാശവാദത്തിനപ്പുറം, വേരോട് പിഴുതെറിയപ്പെട്ടതായും യഥാർത്ഥത്തിൽ എവിടെയും നാം ഉറപ്പിക്കപ്പെടാത്തതായും നമുക്ക് തോന്നുന്നു ഈ ലോകയാഥാർത്ഥ്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ആശ്വാസങ്ങളെല്ലാം, നാം ക്രിസ്തുവിലും വചനത്തിലും വേരൂറപ്പിക്കപ്പെട്ടിട്ടില്ലായെങ്കിൽ, നൈമിഷികമാണെന്ന് ഇവിടെ നാം മനസിലാക്കുന്നു, സമകാലിക അനുഭവങ്ങൾ, നമ്മിലേയ്ക്കും നമ്മുടെ മൂല്യവ്യവസ്ഥിതിയിലേയ്ക്കും നമ്മുടെ പരിഗണനകളിലേയ്ക്കും പിൻതിരിഞ്ഞു നോക്കാൻ നമ്മെ ക്ഷണിക്കുന്നു.

**അനുകമ്പ**

ലൂക്കോ 7:13-14 പരാമർശിച്ചുകൊണ്ട്, ലോക യുവജനദിന സന്ദേശത്തിലൂടെ പരിശുദ്ധ പിതാവ് നമ്മെ ക്ഷണിക്കുന്നത് ഗലീലയിലെ നായിം എന്ന പട്ടണത്തിലേയ്ക്ക് പ്രവേശിക്കുന്ന യേശുവിന്റെ ശരീര

ഭാഷയെയും വാക്കുകളെയുംക്കുറിച്ച് ധ്യാനിക്കാനാണ്. ഒരു ശവസംസ്ക്കാര വിലാപയാത്രയുടെ ഇടയിൽ, ഏക മകനെ നഷ്ടപ്പെട്ട വിധവയായ ഒരു അമ്മയുടെ വേദന തിരിച്ചറിയാൻ യേശുവിന് സാധിക്കുന്നു. യുവജനങ്ങൾക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് സഹിക്കുന്ന ജനങ്ങളുടെ വേദന കാണാനുള്ള കഴിവാണ്. നമുക്ക് ആവശ്യമായിരിക്കുന്നത് നമ്മുടെ സഹോദരീ സഹോദരന്മാരുടെ ദുഃഖപൂരിതമായ കഥകളുടെ ചിത്രമെടുത്ത് സാമൂഹിക സമ്പർക്ക മാധ്യമങ്ങളിലൂടെ മറ്റുള്ളവരുമായി പങ്കുവയ്ക്കുക മാത്രമല്ല, മറിച്ച്, സഹിക്കുന്ന മനുഷ്യരോടുള്ള നമ്മുടെ യഥാർത്ഥമായ പരിഗണന പ്രകടമാക്കുകയും ദൗർഭാഗ്യങ്ങളിലകപ്പെട്ടുപോയ വ്യക്തികളുടെ വേദന മനസിലാക്കുകയും ചെയ്യുക എന്നതാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനത്തിന്റെ അംഗങ്ങളെന്ന നിലയിൽ നാം പ്രകൃതി ദുരന്തങ്ങളും, വെള്ളപ്പൊക്കവും, മണ്ണിടിച്ചിലും അഭിമുഖീകരിച്ചിട്ടുണ്ട്. ഇന്ന്, നാം അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസ -സാമ്പത്തിക മേഖലകളിലെ ആശയകുഴപ്പം, അക്രമങ്ങളുടെ വർദ്ധനവ്, സമൂഹത്തിൽ നടക്കുന്ന മതപരമായ ധ്രുവീകരണം, കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ തുടങ്ങിയവയാണ്. യുവ ക്രൈസ്തവർ എന്ന നിലയിൽ, സ്വയം പരിരക്ഷയിൽ നിന്ന് മറ്റുള്ളവരുടെ സംരക്ഷണത്തിലേയ്ക്കും, വ്യക്തിവാദത്തിൽനിന്നും സ്വയകേന്ദ്രീകരണത്തിൽനിന്നും സഹകരണത്തിലേയ്ക്കും, പ്രകൃതിയെ ചൂഷണം ചെയ്യുന്നതിൽനിന്ന് നമ്മുടെ “പൊതു ഭവനത്തെ” സംരക്ഷിക്കുന്നതിലേയ്ക്കും നാം യാത്ര ചെയ്യണം. വരാനിരിക്കുന്ന വർഷങ്ങൾ നമ്മുടെ യുവജനങ്ങൾക്ക് നിർണായകമാണ്. സമൂഹത്തെയും മതത്തെയും സഭയെയും മനസ്സിലാക്കുന്നതിൽ വലിയ മാറ്റങ്ങൾ ഉണ്ടായേക്കാം. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ, അതായിരിക്കും ദൈവം സഭയ്ക്ക് നൽകുന്ന “ഫലഭൂയിഷ്ഠവും നവീനവുമായ മണ്ണ്.” ഇപ്പോഴത്തെ പ്രസക്തമായ ചോദ്യം, കോവിഡാനന്തര ലോകത്ത് എം.സി.വൈ.എം.-നെ എങ്ങനെ നാം പ്രസക്തമാക്കും എന്നതാണ്.

**ധീര പ്രേഷിതർ**

യേശു അപ്പസ്തോലന്മാരോട് അരുളിച്ചെയ്തു, “ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ 16:15: മത്താ 28:19 -20; ലൂക്കാ 24:47). ഈ ‘വലിയ പ്രേഷിത കല്പന’ മനസിലാക്കേണ്ടത് യേശുവിന്റെ കല്പനയോ, അന്ത്യാഭിലാഷമോ ആയിട്ടായിരി

ക്കണം. വിശ്വാസ പ്രമാണം, പ്രബോധനം, മതബോധനം, പ്രഘോഷണം എന്നിവയിലൂടെയാണ് ഇതുവരെ ക്രിസ്തീയ വിശ്വാസം നൽകപ്പെട്ടിരുന്നത്. എന്നാൽ, ഇത് നമ്മുടെ ജീവിതചര്യയുടെ ഭാഗമാകണം. യേശുവിന്റെ പ്രേഷിത ദൗത്യ കല്പന "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്... നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5:13-16) എന്ന വാക്യവുമായി കൂട്ടിവായിക്കണം. ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമാകുന്ന ജീവിത ക്രമത്തിലൂടെ മാത്രമേ മിഷണറിമാർക്ക് സുവിശേഷം അർത്ഥപൂർണമായി പ്രഘോഷിക്കാൻ സാധിക്കുകയുള്ളൂ. യേശുവിന്റെ പ്രവർത്തനങ്ങളിലൊന്നായിരുന്നില്ല സുവിശേഷ പ്രഘോഷണം. മറിച്ച് അവന്റെ ശുശ്രൂഷകളെല്ലാം അവന്റെ പ്രേഷിതദൗത്യത്തിൽ കേന്ദ്രീകൃതമായിരുന്നു. സഭയുടെ ചരിത്രത്തിൽ, ആദിമ ക്രൈസ്തവർ ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമായിരിക്കാനുള്ള 'ജീവിക്കുന്ന-ദൗത്യം' (Living-mission) അർത്ഥപൂർണമായി ജീവിക്കുകയും ദൈവവചനത്തിന് സാക്ഷികളാകുകയും ചെയ്തു. ഇതാണ് യഥാർത്ഥ പ്രഘോഷണം. അപ്പസ്തോല പ്രവർത്തനങ്ങൾ ആദിമ ക്രൈസ്തവരുടെ 'ജീവിക്കുന്ന-പ്രഘോഷണ'ത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നു. അവരുടെ ജീവിതക്രമം സാക്ഷ്യമായി മാറുകയും അനേകർ ക്രിസ്തീയ കൂട്ടായ്മയിലേയ്ക്ക് ആകർഷിക്കപ്പെടുകയും ചെയ്തു. അതുപോലെ, ഭാരതത്തിൽ പ്രേഷിത ദൗത്യം, അടിസ്ഥാനപരമായി, "ക്രിസ്തീയ ജീവിതം ശരിയായി നയിക്കുക" എന്നുള്ളതാണ്. കോവിഡാനന്തര ലോകത്ത് നാം എങ്ങനെയാണ് ഭൂമിയുടെ ഉപ്പും ലോകത്തിലെ പ്രകാശവും ആയിത്തീരുന്നത്? നാം ഇപ്പോൾ ആയിരിക്കുന്നത്, നിഷേധാത്മക സാഹചര്യങ്ങളുടെയും തീവ്രമായ നിരാശ പകരുന്ന അനുഭവങ്ങളുടേയും ഇടയിലാണ്. എന്നാൽ നമ്മുടെ പ്രത്യാശ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലാണ്. പോരാട്ടങ്ങളുടെയും ഉൽക്കണ്ഠകളുടേയും മദ്ധ്യേ ആത്മാവ് നമ്മെ നയിക്കും. നമ്മുടെ കുടുംബത്തിൽ നിന്നും സഭാകൂട്ടായ്മയിൽ നിന്നും നാം ആർജ്ജിച്ചെടുത്ത വിശ്വാസരീതികൾ ലോകത്തിലായിരിക്കാനുള്ള സമൂലമായ ക്രിസ്തുമാർഗത്തിലേയ്ക്ക് നമ്മെ ഉൾച്ചേർക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, 'എളിമയും കരുണയും' ഊന്നിപ്പറഞ്ഞുകൊണ്ട്, ഇന്ന് നാം എങ്ങനെ വിശ്വാസം ജീവിക്കണമെന്നും സാക്ഷ്യപ്പെടുത്തണമെന്നും നമ്മെ പഠിപ്പിക്കുന്നു. അങ്ങനെ സുവിശേഷവൽക്കരിക്കപ്പെട്ട യുവജനങ്ങൾക്ക് മറ്റുള്ളവരെ സുവിശേഷവൽക്കരിച്ച് മുന്നേറാൻ സാധിക്കും (EN n.24). യുവജനങ്ങൾ വിശ്വാസത്തിന് സാക്ഷികൾ ആകുമ്പോൾ

അത് കൂടുതൽ ശക്തിയുള്ളതായിത്തീരുന്നു. നമുക്ക് ആത്മധൈര്യത്തോടും പ്രത്യാശയോടും കൂടെ നമ്മുടെ വിശ്വാസം ജീവിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാം. നമ്മുടെ ജീവിതശൈലിയിൽ വിശ്വാസം പ്രകടമാക്കി സുവിശേഷവൽക്കരണത്തിന്റെ വക്താക്കളായി നമുക്ക് മാറാം.

ഈ പ്രത്യേക സാഹചര്യത്തിൽ എല്ലാ യുവജന ശുശ്രൂഷകരെയും ഞാൻ അഭിവാദനം ചെയ്യുന്നു. പരിശുദ്ധ പിതാവ് യുവജനങ്ങളെ വിശേഷിപ്പിക്കുന്നത് 'ദൈവത്തിന്റെ ഇപ്പോൾ' (now of God) എന്നാണ്, കാരണം അവിടുത്തെ നന്മയുടെ വെളിപ്പെടുത്തലായ, അവിടുത്തെ പുത്രനായ യേശു, യുവജനങ്ങളോടൊപ്പം നടക്കുകയും കൂടെയായിരിക്കുകയും ചെയ്യുന്നു. ജെറുസലേമിൽ നിന്ന് മടങ്ങി എമ്മാവൂസിലേയ്ക്ക് യാത്രപോയ യുവശിഷ്യന്മാരെ യേശുക്രിസ്തു അനുധാവനം ചെയ്യുന്നുണ്ട്. യുവജനങ്ങളെ അനുധാവനം ചെയ്യാനുള്ള ഈ ദൗത്യം യുവജന ശുശ്രൂഷകരെ ഭരമേൽപ്പിച്ചിരിക്കുകയാണ്. യുവജന ശുശ്രൂഷ അടിസ്ഥാനപരമായി അനുധാവന ശുശ്രൂഷയാണ്.

അർത്ഥവത്തായ ഉദ്യമങ്ങളിലൂടെ ലളിതവും പ്രസക്തവുമായ രീതിയിൽ യുവജനദിനം ആഘോഷിക്കുവാൻ ഞാൻ നിങ്ങളോട് നിർദ്ദേശിക്കുന്നു. കേന്ദ്രസമിതി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്: ആഗോള ക്വിസ് പ്രോഗ്രാം, ഓൺലൈനായി ഒക്ടോബർ 3 വൈകിട്ട് 4 മണിക്ക് നടക്കുന്നതാണ്. ഒക്ടോബർ 4 ഞായറാഴ്ച അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാബാവാ പട്ടം ബിഷപ്പ്സ് ഹൗസ് ചാപ്പലിൽ രാവിലെ 8.30 ന് വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്. ഈ വിശുദ്ധ കുർബാന നമ്മുടെ ഔദ്യോഗിക യൂട്യൂബ്, ഫെയ്സ് ബുക്ക് ചാനലുകൾ വഴി തത്സമയം സംപ്രേഷണം ചെയ്യുന്നതാണ്. വിശുദ്ധ കുർബാനയിൽ ഭക്തിപൂർവം നാം സംബന്ധിക്കുന്നതോടൊപ്പം സഭയുടെ തലവനും പിതാവുമായ ബാവാതിരുമേനിയുടെ വാക്കുകൾ നമുക്ക് ശ്രവിക്കുകയും ചെയ്യാം. വിശുദ്ധ കുർബാനയെത്തുടർന്ന് ആഗോള യുവജനസംഗമം ഓൺലൈനിൽ നടത്തപ്പെടുന്നതാണ്. അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമീസ് കാതോലിക്കാ ബാവാ സംഗമം ഉദ്ഘാടനം ചെയ്യുന്നതും ലത്തീൻ സഭയിലെ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാ

രിക്കുന്നതും ആയിരിക്കും. ഈ വർഷത്തെ എം.സിവൈ.എം. ദിനാഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 28 മുതൽ നവംബർ 1 വരെ രാത്രി 9.00 മണിക്ക് റവ. ഫാ. ഡാനിയൽ പൂവണ്ണത്തിൽ നയിക്കുന്ന ഓൺലൈൻ യുവജന ധ്യാനം ഉണ്ടായിരിക്കുന്നതാണ്. എം.സി.വൈഎമ്മിന്റെ ഔദ്യോഗിക സോഷ്യൽ മീഡിയ ചാനലുകൾ വഴി ഇത് സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഈ വർഷം ഓൺലൈനായി നടക്കുന്ന ആഘോഷ പരിപാടികളിൽ പങ്കുചേരാൻ നമ്മുടെ എല്ലാ യുവജനങ്ങളെയും ഞാൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

അന്നേദിവസത്തെ സ്തോത്രകാഴ്ച ഭദ്രാസന സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കണമെന്ന് നിങ്ങളെ ഓർമപ്പെടുത്തുന്നു. തുകയുടെ പകുതി ഭദ്രാസനത്തിലെ യുവജന ശുശ്രൂഷയ്ക്കായി വിനിയോഗിക്കാവുന്നതും, ബാക്കി പകുതി സഭാതലത്തിലെ യുവജന ശുശ്രൂഷകൾക്കായി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് ഭദ്രാസന ഫിനാൻസ് ഓഫീസർമാർ നൽകേണ്ടതുമാണ്.

എല്ലാവർക്കും കൃപാപൂരിതമായ ഒരു ദിനം നേരുന്നു.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തിൽ അനുഗ്രഹം നേർന്നുകൊണ്ട്,



**✠ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത**
ചെയർമാൻ, സഭാതല യുവജന സിനഡൽ കമ്മീഷൻ,
മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ
മലങ്കര സുറിയാനി കത്തോലിക്കാ സഭ

22-09-2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## പുനരൈക്യവാർഷിക സഭാസംഗമം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ വാർഷികത്തിന്റെ നവതി ആഘോഷങ്ങൾ 2020 സെപ്തംബർ 21-ന് മാവേലിക്കര പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു. രാവിലെ 8 മണിക്ക് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ മുഖ്യകാർമികത്വം വഹിച്ച വി. കുർബാനയിൽ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. സാമുവൽ മാർ ഐറേനിയോസ്, ഡോ. വിൻസെൻറ് മാർ പൗലോസ്, ഡോ. തോമസ് മാർ യൗസേബിയൂസ്, ഡോ. ഗീവർഗീസ് മാർ മക്കാറിയോസ്, ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം ആർച്ച്ബിഷപ് മാത്യു മൂലക്കാട്ട്, ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം എന്നിവരും വൈദികരും സഹകാർമികത്വം വഹിച്ചു. കൊല്ലം രൂപതാധ്യക്ഷൻ അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി വചനസന്ദേശം നൽകി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിബാവാ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് സ്വാഗതം ആശംസിച്ചു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പൊതുസമ്മേളനം ഉത്ഘാടനം ചെയ്തു. പരി. ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് വായിച്ചു. പൗരസ്ത്യ തിരുസംഘ ത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ ലെയനാർഡോ സാന്ദ്രി, സി.ബി.സി. ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, അപ്പസ്തോലിക്



നുൺഷ്യോ ആർച്ച്ബിഷപ് ജാംബാത്തിസ്ത ദിക്വാത്ര എന്നിവർ വീഡിയോ സന്ദേശം നൽകി.

പൊതുസമ്മേളനത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ അംഗീകാരത്തോടുകൂടി പൂനെ–കഡ്കി, പുത്തൂർ, മാർത്താണ്ഡം ഭദ്രാസനങ്ങളുടെ അജപാലന അതിർത്തികൾ പുനർനിർണയിച്ചു കൊണ്ടുള്ള ഉത്തരവ് അത്യഭിവന്ദ്യ കാതോലിക്കാബാവാ അറിയിച്ചു. അതനുസരിച്ച് ഇപ്പോൾ പൂനെ–കഡ്കി സെന്റ് എഫ്രേം ഭദ്രാസനത്തിന്റെ പരിധിയിൽപ്പെട്ട കർണാടക, തമിഴ്നാട്, ആന്ധ്രാ, തെലുങ്കാന, മഹാരാഷ്ട്ര, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഭൂപ്രദേശം പരിശുദ്ധ സുന്നഹദോസിന് പൂർണ അധികാരമുള്ള അജപാലന പ്രദേശങ്ങൾ ആയിരിക്കും. ഇതിൽനിന്നും നിലവിൽ തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി മാത്രമായിരുന്ന മാർത്താണ്ഡം ഭദ്രാസനത്തോട് തമിഴ്നാട്ടിലെ 20 ജില്ലകളുടെ ഭൂപ്രദേശംകൂടി കൂട്ടിച്ചേർത്തു. ദക്ഷിണ കന്നഡ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പുത്തൂർ ഭദ്രാസനത്തിൽ ബംഗളൂരു ഉൾപ്പെടെയുള്ള 7 ജില്ലകളുടെ ഭൂപ്രദേശം കൂട്ടിച്ചേർത്തു. ഈ പ്രദേശങ്ങളിൽ പുതിയ ഇടവകകൾ രൂപീകരിക്കുവാൻ ഭദ്രാസനത്തിന് പൂർണ അധികാരം ലഭിച്ചു. സുന്നഹദോസ് തീരുമാനങ്ങൾ അടങ്ങിയ കല്പന കൂരിയാ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് വായിച്ചു. പുനരൈക്യ നവതി ആഘോഷങ്ങളുടെ കൺവീനർ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് എല്ലാവർക്കും നന്ദിയർപ്പിച്ചു. 2021 ലെ പുനരൈക്യ വാർഷികം മാർത്താണ്ഡം ഭദ്രാസനത്തിൽ നടത്തുന്നതായി പ്രഖ്യാപിച്ചു.

അഭിവന്ദ്യ പിതാക്കന്മാരുടെ ശ്ലൈഹീക ആശീർവാദത്തോടെ ആഘോഷപരിപാടി സമാപിച്ചു.

## 91-ാം സഭാസംഗമം മാർത്താണ്ഡത്ത്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 91-ാം സഭാസംഗമത്തിന് മാർത്താണ്ഡം ഭദ്രാസനം ആതിഥേയത്വം വഹിക്കും. മാവേലിക്കരയിൽ നടന്ന പുനരൈക്യ വാർഷികത്തിന്റെയും സഭാസംഗമത്തിന്റെയും ആഘോഷങ്ങളുടെ സമാപനത്തിലാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം അറിയിച്ചത്. മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയും ഭദ്രാസന പ്രധിനിധികളും ചേർന്ന് സഭാസംഗമത്തിന്റെ പതാക ഏറ്റുവാങ്ങി.

## മലങ്കര കാത്തലിക് ടി വി (malankaracatholictv)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഔദ്യോഗിക യൂട്യൂബ് ചാനൽ നിലവിൽവന്നു. 2020 സെപ്തംബർ 21-ന് മാവേലിക്കരയിൽ നടന്ന പുനരൈക്യ വാർഷികത്തിന്റെ നവതി ആഘോഷവേളയിൽ MALANKARA CATHOLIC TV എന്ന പേരിലുള്ള യൂ ട്യൂബ് ചാനൽ മോറാൻ മോർ ബസേലിയോസ്കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ ഉത്ഘാടനം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മാധ്യമ കമ്മീഷന്റെ നേതൃത്വത്തിൽ പ്രവൃത്തിക്കുന്ന ചാനലിൽ വിശുദ്ധ കുർബാന, ദൈവശാസ്ത്ര പഠനങ്ങൾ, വചന സന്ദേശം, അഭിമുഖങ്ങൾ, സഭയോടനുബന്ധിച്ചുള്ള വാർത്തകൾ, വിവിധ സഭാപരിപാടികൾ, മറ്റ് സമകാലീന വിഷയങ്ങൾ തുടങ്ങിയവ ഈ ചാനൽ വഴി സംപ്രേഷണം ചെയ്യും.

www.youtube.com/malankaracatholictv



# ഭദ്രാസന വാർത്തകൾ

## പാറശ്ശാല ഭദ്രാസന ദിനത്തോടനുബന്ധിച്ച് ഭദ്രാസനാദ്ധ്യക്ഷൻ നൽകിയ വീഡിയോ സന്ദേശം.

യേശുവിൽ സ്നേഹമുള്ള വൈദിക സഹോദരന്മാരെ പ്രിയമുള്ള സിസ്റ്റേഴ്സ് സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

ഇന്ന് സെപ്റ്റംബർ മാസം 5-ാം തീയതി, നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ കൽക്കട്ടയിലെ വി. തെരേസയുടെ, മദർ തെരേസയുടെ തിരുനാളാണ്. ഈ നാളിന്റെ അനുഗ്രഹങ്ങൾ നിങ്ങളേവർക്കും ഞാൻ സസ്നേഹം ആശംസിക്കുന്നു. നമ്മുടെ ഭദ്രാസനത്തിന്റെ സ്ഥാപനത്തിനുശേഷം കഴിഞ്ഞ വർഷങ്ങളിലൊക്കെ ഈ ദിവസം നമ്മളിൽ കുറെപ്പേരെങ്കിലും ഒന്നിച്ചു വരികയും കൃതജ്ഞതാ ബലിയർപ്പിക്കുകയും നമ്മുടെ സഭാത്മകമായ സ്നേഹവും കൂട്ടായ്മയുമൊക്കെ പങ്കുവയ്ക്കുക പതിവായിരുന്നല്ലോ. എന്നാൽ ഇപ്പോഴത്തെ പ്രത്യേകമായ സാമൂഹിക പശ്ചാത്തലം ഇപ്രകാരമൊരു കൂടിവരവിന് നമ്മെ അനുവദിക്കുന്നില്ല. എങ്കിലും ഈ ദിവസം ആത്മാർത്ഥമായ കൃതജ്ഞതാ സമർപ്പണത്തിന്റെയും നമ്മുടെ സമർപ്പണ നവീകരണത്തിന്റെയും ഒരു ദിനമായി, നാം ആയിരിക്കുന്ന പരിമിതമായ പശ്ചാത്തലങ്ങളിൽ ആഘോഷിക്കുവാൻ നമുക്ക് ശ്രമിക്കാം.

കഴിഞ്ഞ മൂന്നു വർഷങ്ങളായി ഒരു ഭദ്രാസനം എന്ന നിലയിൽ വിശുദ്ധ മദർ തെരേസയുടെ സവിശേഷമായ മദ്ധ്യസ്ഥതയിൽ നാം അനുഭവിക്കുന്ന കൃപാവരങ്ങൾ നിരവധിയാണ്. നാം ആഗ്രഹിക്കുന്നതിലും, ഒരുപക്ഷേ അർഹിക്കുന്നതിനും ഉപരിയായ നന്മകൾ കൊണ്ട് സർവ്വശക്തൻ നമ്മെ അനുഗ്രഹിക്കുന്നു. നമ്മുടെ ഭദ്രാസനത്തിന്റെ വിവിധങ്ങളായ ശുശ്രൂഷകളെ അവിടുന്ന് നിരന്തരം ബലപ്പെടുത്തുന്നു. ഒരു വലിയ പകർച്ചവ്യാധിയുടെ നിയന്ത്രണങ്ങൾക്കുള്ളിൽ പോലും ആയി

രിക്കുമ്പോൾ നമ്മുടെ കുടുംബബന്ധങ്ങളെയും നമ്മുടെ സഭാത്മക കൂട്ടായ്മകളെയും അവിടുന്ന് സംരക്ഷിക്കുന്നു. നിറവുള്ള ഹൃദയത്തോടെ നമുക്ക് ദൈവത്തിന് നന്ദി പറയാം. അതോടൊപ്പം, നമ്മുടെ സമർപ്പണങ്ങളെ നവീകരിക്കുന്നതിനുള്ള ഒരവസരമായി കൂടി ഈ ദിവസത്തെ നമുക്ക് മാറ്റാം. നാം ഏവരെയും ദൈവം ഏൽപ്പിച്ചിരിക്കുന്ന നിയോഗങ്ങൾ ആത്മാർത്ഥതയോടെ, വിശ്വസ്തതയോടെ, ത്യാഗബുദ്ധിയോടെ നിറവേറ്റുവാൻ നമുക്ക് സമർപ്പിതരാകാം.

നമ്മുടെ വ്യക്തിപരമായ ജീവി തങ്ങൾ സാക്ഷിക്കേണ്ട സമഗ്രത, നമ്മുടെ കുടുംബങ്ങളിൽ പുലരേണ്ട സ്നേഹത്തിന്റെ ഊഷ്മളത, നമ്മുടെ സഭാത്മക കൂട്ടായ്മകളിൽ നാം അനുഭവിക്കേണ്ട കരുതലിന്റെ സന്തോഷം, നമ്മുടെ സമൂഹബന്ധങ്ങ ളിൽ നാം പകരേണ്ട കരുണയുടെ സാക്ഷ്യം ഇതൊക്കെ വർദ്ധമാനം ആക്കുവാൻ നാം പ്രത്യേകമായി പരിശ്രമിക്കണം. നമ്മുടെ ഭദ്രാസന ത്തിലെ വൈവിധ്യമാർന്ന ശുശ്രൂഷകളിൽ സമർപ്പിതരായിരിക്കുന്ന നിങ്ങളേവരോടും, ബഹുമാനപ്പെട്ട അച്ചൻമാർ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, സ്നേഹമുള്ള മാതാപിതാക്കൾ, സ്നേഹമുള്ള യുവജന സുഹൃത്തുക്കൾ, പ്രിയപ്പെട്ട സെമിനാരി വിദ്യാർഥികൾ, വാത്സല്യ കുഞ്ഞുങ്ങൾ, നിങ്ങൾ എല്ലാവരോടുമുള്ള ആത്മാർത്ഥമായ നന്ദി, കടപ്പാട് ഈ അവസരത്തിൽ ഞാൻ അറിയിക്കുന്നു.

ഈയൊരു സമർപ്പണത്തിൽ വിശ്വാസത്തോടെ, പ്രത്യാശയുടെ, സ്നേഹപൂർവ്വം നമുക്ക് മുന്നേറാം. കോവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിൽ വലിയ യാതന അനുഭവി ക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ ഭദ്രാസനത്തിൽ ഉണ്ട്. അവരെ യെല്ലാം നമുക്ക് നമ്മുടെ പ്രാർത്ഥനയിൽ സ്നേഹത്തിൽ ഹൃദയത്തോട് ചേർത്തുവയ്ക്കാം. കുറച്ച് കുടുംബങ്ങൾക്ക് എങ്കിലും ഒരു താൽക്കാലിക ആശ്വാസം ഉണ്ടാകും എന്ന പ്രതീക്ഷയിൽ ഈ തിരുനാൾ ദിവസം ഏതാനും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുന്നു.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ.

## വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പാ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പാറശ്ശാല ഭദ്രാസനത്തിലെ സീനിയർ വൈദികനും നെയ്യാറ്റിൻകര, കാട്ടാക്കട പ്രദേശത്തെ ഒരു വലിയ മിഷണറിയുമായ വന്ദ്യ ഉഴുന്നല്ലൂർ ഫിലിപ്പ് കോറെപ്പിസ്ക്കോപ്പാ 2020 സെപ്തംബർ 25 വെള്ളിയാഴ്ച കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിൽ വച്ച് കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്ക്കാര ശുശ്രൂഷകൾ നെല്ലിക്കാട് വൈദികമന്ദിരത്തോടു ചേർന്നുള്ള ചാപ്പലിൽ നടന്നു. ശവസംസ്ക്കാര ശുശ്രൂഷകൾക്ക് സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.

ശവസംസ്ക്കാര ശുശ്രൂഷയുടെ ഒന്നുമുതലുള്ള ക്രമങ്ങൾക്ക് പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ യൗസേബിയൂസ്, മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ വിൻസെന്റ് മാർ പൗലോസ്, പത്തനംതിട്ട ഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റം, അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ, മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ യൂഹാനോൻ മാർ തെയഡോഷ്യസ്, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു. ഒക്ടോബർ 27 ഞായറാഴ്ച ഉച്ചയ്ക്കു ശേഷം നടന്ന സമാപന കബറടക്ക ശുശ്രൂഷയിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യരായ തോമസ് മാർ യൗസേബിയൂസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു. ചാപ്പലിനോട് ചേർന്ന് പ്രത്യേകം തയ്യാറാക്കിയ കബറിൽ കോറെപ്പിസ്ക്കോപ്പാ അച്ചന്റെ ഭൗതീകദേഹം കബറടക്കി.

എം.എൽ.എ. മാരായ ശ്രീ. ഐ. ബി. സതീഷ്, ശ്രീ. വിൻസെന്റ്, ശ്രീ. ശബരീനാഥ്, ശ്രീ. ആൻസലം തുടങ്ങിയ ജനപ്രതിനിധികളും സാംസ്ക്കാരിക നേതാക്കാൻമാരും അന്ത്യോപചാരം അർപ്പിക്കാൻ എത്തിച്ചേർന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്ന് വികാരി ജനറാളന്മാർ, കോറെപ്പിസ്ക്കോപ്പാമാർ, വൈദികർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, സന്യസ്തർ, അനേകം വിശ്വാസികൾ അച്ചന്റെ ഭൗതികദേഹത്തിൽ പ്രാർത്ഥനാപൂർവം ആദരാഞ്ജലികൾ അർപ്പിച്ചു. പാറശ്ശാല ഭദ്രാസനത്തിലെ വൈദിക കൂട്ടായ്മയും വെണ്ണിയൂർ നിർമ്മലാ പ്രോവിൻസിലെ മേരീമക്കൾ സന്യാസിനികളും ശവസംസ്ക്കാര ശുശ്രൂഷകൾക്ക് ആവശ്യമായ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## പ്രേഷിതവേദിയിലെ നന്മമരം:
## വന്ദ്യ ഉഴുന്നല്ലൂർ ഫിലിപ്പ് കോർ എപ്പിസ്ക്കോപ്പാ
## (1936–2020)

**റവ. ഡോ. ഫാ. പ്രഭീഷ് ജോർജ്ജ്**



"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരം." ചെങ്ങന്നൂർ ദേശത്തു ജനിച്ചു വളർന്ന് തെക്കൻതിരുവിതാംകൂറിൽ അനേകർക്ക് സുവിശേഷ വെളിച്ചവുമായി നടന്നു നീങ്ങിയ പ്രേഷിത വര്യനായ വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർ എപ്പിസ്ക്കോപ്പാ അച്ചൻ 2020 സെപ്തംബർ 25 -ാം തീയതി സ്വർഗം പൂകി. നെയ്യാറ്റിൻകര, കാട്ടാക്കട പ്രദേശത്തെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോർഎപ്പിസ്ക്കോപ്പായുടെ ധന്യമായ പൗരോഹിത്യ ജീവിതത്തെ ദൈവസന്നിധിയിൽ കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു.

ഇപ്പോഴത്തെ മാവേലിക്കര ഭദ്രാസനത്തിലെ ഇലഞ്ഞിമേൽ ഇടവകയിൽ ഉഴുനല്ലൂർ കുര്യൻ നൈനാന്റേയും അനമ്മ നൈനാന്റേയും ഏഴു മക്കളിൽ ആറാമനായി 1936 ജനുവരി 16–ന് ജനിച്ച വന്ദ്യ ഫിലിപ്പ് കോർ എപ്പിസ്ക്കോപ്പാ അച്ചൻ ഇലഞ്ഞിമേൽ പ്രൈമറി സ്കൂളിലും മാവേലിക്കര സി.എം.എസ്. സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസവും പട്ടം സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1953–ൽ പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ വൈദിക പരിശീലനത്തിനായി പ്രവേശിച്ചു. മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി 1963 ഡിസംബർ 3–ന് തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു. പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യ മൂന്നു വർഷങ്ങളിൽ സേവനമനുഷ്ഠിച്ചത് ചന്ദനപ്പള്ളി, തട്ട, കൊടുമൺ, എഴുകോൺ, അങ്ങാടിക്കൽ, ആയൂർ, വേങ്ങോട് ഇളമാട്, ചെറുവയ്ക്കൽ, പുനലൂർ, കറവൂർ, എലിക്കാട്ടൂർ എന്നീ ഇടവകകളിലായിരുന്നു.

യുവ വൈദികനിലെ പ്രേഷിതതാല്പര്യം തിരിച്ചറിഞ്ഞ പുണ്യശ്ലോകനായ മാർ ഗ്രിഗോറിയോസ് പിതാവ് ബഹു. ഫിലിപ്പച്ചനെ 1967–ൽ ചെമ്പരത്തിവിള, ചായ്ക്കോട്ടുകോണം, വണ്ടന്നൂർ, കൊടങ്ങാവിള ഇടവകകളുടെ ചുമതല ഏൽപിച്ചു. ആദ്യം ബാലരാമപുരത്ത് താമസിച്ചുകൊണ്ടും തുടർന്ന് ചെമ്പരത്തിവിളയിൽ സ്ഥിരതാമസമാക്കിയും സുദീർഘമായ തന്റെ പ്രേഷിതയാത്രയ്ക്ക് അച്ചൻ നാന്ദിക്കുറിച്ചു.

ആദ്യകാലങ്ങളിൽ അച്ചൻ ദീർഘദൂരം കാൽനടയായും പിന്നീട് സൈക്കിൾ ചവിട്ടിയും വിവിധ ദൈവാലയങ്ങളിൽ കടന്നു ചെന്ന് വി. ബലിയർപ്പിക്കുകയും കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തിരുന്നു. ഇന്നത്തെ പാറശ്ശാല ഭദ്രാസനത്തിലെ ബാലരാമപുരം, നെയ്യാറ്റിൻകര, കാട്ടാക്കട, ചെമ്പൂര് വൈദിജില്ലാ പ്രദേശങ്ങളായിരുന്നു അച്ചന്റെ പ്രധാന കർമ്മമണ്ഡലം. അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയുടെ ആദ്യ 3 വർഷമൊഴികെ ബാക്കി സമയം മുഴുവൻ അച്ചൻ പൂർണമായും ഈ പ്രദേശത്തെ സുവിശേഷവേലയ്ക്കായി മാറ്റിവച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രേഷിത ചൈതന്യം ഹൃദയത്തിലേറ്റുവാങ്ങി അനേകർക്ക് സുവിശേഷവെളിച്ചം പകർന്ന അച്ചന്റെ പ്രേഷിത തീക്ഷ്ണത അനന്യമാണ്. 43 വർഷക്കാലത്തെ ത്യാഗോജ്ജ്വലമായ പ്രേഷിത ശുശ്രൂഷയിലൂടെ 30,000 പേർക്ക് മാമോദീസാ നൽകാനും 50 ഓളം ഇടവക കൂട്ടായ്മകൾ രൂപീകരിക്കാനും അച്ചനു സാധിച്ചു എന്നത് അത്ഭുതാദരവുകളോടെ മാത്രമെ നമുക്ക് ഇന്ന് കാണാൻ സാധിക്കുകയുള്ളൂ.

1968 –ൽ ആദ്യ ദൈവാലയം കണ്ടലയിൽ ആരംഭിച്ചു. തുടർന്ന് പുന്നാവൂർ, പുത്തൻകാവുവിള, പൊറ്റയിൽ, മലയിൻകീഴ്, കൊട്ടറക്കോണം, കല്ലാമം, വടകര, പൂവച്ചൽ, പൊന്നെടുത്തക്കുഴി, മൈലക്കര, ചായ്ക്കുളം, ആനാകോട്, കരിപ്രക്കോണം, വെള്ളൂർക്കോണം, കാനക്കുഴി, കൊണ്ണിക്കോണം, അരുവാട്ടുകോണം, പെരുമ്പഴുതൂർ, കുളത്തുമ്മൽ, അരുവിക്കുഴി, കുടപ്പനമൂട്, കുട്ടമല, നീരാഴിക്കോണം, പന്ത, വെട്ടിക്കുഴി, കോട്ടൂർ, മഞ്ചംകോട്, തൊഴുക്കൽക്കോണം, തൂങ്ങാംപാറ, താറാവിള, ചാണായ്ക്കോണം, പേഴുംമ്മൂട്, മരക്കുന്നം, ആനക്കുഴി, പാപ്പനം, പൂഴനാട്, മണ്ണാംകോണം, വിരാലി, ചെമ്പൂര്, കടമ്പ്ര, പുനലാൽ, കക്കോട്ടുകോണം, ഒറ്റശേഖരമംഗലം, വട്ടപ്പറമ്പ്, മേക്കോണം, മുട്ടച്ചൽ, മീനാങ്കൽ, വാഴിച്ചൽ, മഞ്ചവിളാകം, ഇടവച്ചാൽ, കണ്ണംകോട് എന്നീ ഇടവക കൂട്ടായ്മകൾ സ്ഥാപിച്ചു. ഈ മിഷൻ കേന്ദ്രങ്ങളുടെ സ്ഥാപനത്തിലും

വളർച്ചയിലും അച്ചനോട് ചേർന്ന് പ്രവർത്തിച്ച മേരീ മക്കൾ സന്യാസിനീ സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സിനേയും, ഉപദേശിമാരേയും ഇത്ത രുണത്തിൽ നന്ദിപൂർവം ഓർക്കുന്നു.

ഒരു ജനതയുടെ സമഗ്രവികസനം ലക്ഷ്യമാക്കി അച്ചൻ ആരം ഭിച്ച വിവിധ കർമ്മപദ്ധതികൾ ഒരു കാലഘട്ടത്തിന്റെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളുടെ സജീവ സാക്ഷ്യമായിരുന്നു. ദൈവജനത്തോട് കൂടെ യായിരിക്കാൻ എപ്പോഴും ആഗ്രഹിച്ചിരുന്ന ഈ പുരോഹിത ശ്രേഷ്ഠൻ സാധാരണക്കാരുടെ കണ്ണീരൊപ്പാനും അവരുടെ ജീവിതത്തിൽ പ്രത്യാ ശയുടെ ദീപം തെളിക്കാനും എന്നും മുൻപന്തിയിലായിരുന്നു. അച്ചന്റെ പ്രത്യേക നേതൃത്വത്തിൽ ആരംഭിച്ച പുന്നാവൂർ ഈശോ തീപ്പട്ടി കമ്പനി, ചെമ്പരത്തിവിള മെഴുകുതിരി കമ്പനി, പോങ്ങുംമൂട് കേരളാ ഫീഡ്സ്, പുന്നാവൂർ നെയ്ത്ത് പരിശീലന കേന്ദ്രം, അരുവാട്ടുകോണം, കൊണ്ണി ക്കോണം, ചെമ്പരത്തിവിള എന്നിവിടങ്ങളിൽ ആരംഭിച്ച ചർക്ക നൂൽനൂൽക്കുന്ന വ്യവസായം, പുന്നാവൂർ, പുത്തൻകാവുവിള, ചെമ്പ രത്തിവിള, കല്ലുമല എന്നിവിടങ്ങളിലെ തയ്യൽ പരിശീലന കേന്ദ്രങ്ങൾ, അരുവിക്കുഴിയിലെ പായ് നെയ്ത്തു കേന്ദ്രം എന്നിവ സ്വയംതൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം അനേകായിരങ്ങൾക്ക് ഉപജീവന മാർഗമായി മാറി. ഈ പ്രദേശത്തെ കുടുംബങ്ങളുടെ ദാരിദ്ര്യാവസ്ഥ പരിഹരിക്കാനായി അനേകം ഭവനങ്ങൾക്ക് പശു, എരുമ, ആട് എന്നിവ നൽകി സ്ഥിരവരുമാനത്തിനുള്ള സാധ്യതകൾ അച്ചൻ സംലഭ്യമാക്കി. ആ കാലഘട്ടത്തിലെ വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്ന തെങ്ങ് ഒറ്റി ഒഴിപ്പിക്കാനായി വ്യക്തിപരമായി സാമ്പത്തിക സഹായവും ബാങ്കുകളിൽ നിന്ന് ലോണും അച്ചൻ ലഭ്യമാക്കി. ചെമ്പരത്തിവിളയിൽ സ്ഥാപിച്ച സെന്റ് ഫിലിപ്സ് സാധു സംരക്ഷണ കേന്ദ്രം അനേകം പേർക്ക് ആശ്രയ കേന്ദ്രമായിരുന്നു.

വന്ദ്യ ഫിലിപ്പച്ചന്റെ ശ്രദ്ധപതിഞ്ഞ ഒരു പ്രധാന ശുശ്രൂഷാ മേഖ ലയായിരുന്നു വിദ്യാഭ്യാസ പ്രവർത്തനങ്ങൾ. അനേകം കുഞ്ഞുങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസം ലഭ്യമാക്കാനായി ഇടവകകളോട് ചേർന്ന് നേഴ്സറി സ്കൂളുകളും ഫീഡിംഗ് സ്കൂളുകളും അച്ചൻ ആരംഭിച്ചു. 1970-കളിൽ ഈ പ്രദേശത്തെ വിദ്യാഭ്യാസ വിപ്ലവത്തിന് നാന്ദികുറി ച്ചുകൊണ്ട് പുന്നാവൂരിൽ ആരംഭിച്ച കർമ്മലമാതാ ഇംഗ്ലീഷ് മീഡിയം സ്കൂളും, പിന്നീട് നെയ്യാറ്റിൻകരയിൽ ആരംഭിച്ച ഹോളിക്യൂൻസ് സ്കൂളും നെല്ലിക്കാട് ആരംഭിച്ച ഫാ. ഫിലിപ്സ് ഹയർ സെക്കണ്ടറി

സ്കൂളും വന്ദ്യ കോർ എപ്പിസ്ക്കോപ്പാ അച്ചന്റെ പ്രേഷിത ശുശ്രൂഷകളുടെ സജീവ സ്മാരകങ്ങളാണ്. 2014-ൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നെല്ലിക്കാട് ആരംഭിച്ച മദർ തെരേസാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് വന്ദ്യ ഫിലിപ്പ് കോർ എപ്പിസ്ക്കോപ്പാ അച്ചന്റെ വിദ്യാഭ്യാസ ദർശനങ്ങളുടെ മകുടമാണ്.

കൂദാശാകളുടെ സജീവമായ അർപ്പണത്തിലൂടെ അനേകരെ ദൈവാനുഭവത്തിലേയ്ക്ക് കൈപിടിച്ചുയർത്താനും, കൃത്യമായി ഒരുക്കി കൂദാശകൾ നൽകുന്നതിലൂടെ വിശ്വാസത്തിൽ ആഴപ്പെടുത്താനും ജാഗരൂകനായ ആ അജപാലകൻ എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. കാർക്കശ്യത്തോടും അതേസമയം പൈതൃകവാത്സല്യത്തോടും എല്ലാവരോടും ഇടപെട്ടിരുന്ന ഫിലിപ്പച്ചൻ അനേകർക്ക് മാർഗദീപമായിരുന്നു. ഉപദേശിമാരുടെ പരിശീലനം, സൺഡേസ്കൂൾ അദ്ധ്യാപകരുടെ പരിശീലനം എന്നിവ കൃത്യമായി നൽകുന്നതിൽ അച്ചൻ പ്രത്യേകം താല്പര്യം കാണിച്ചിരുന്നു. അച്ചന്റെ പ്രാർത്ഥനാ ജീവിതവും പൗരോഹിത്യ സമർപ്പണവും അനേകർക്ക് പ്രചോദനാത്മകമായിരുന്നു. കൂടെപ്രവത്തിച്ചിട്ടുള്ള വൈദികരിലും സന്യസ്തരിലും ഉപദേശിമാരിലും സുവിശേഷപ്രേഷിതനാളം ജ്വലിപ്പിക്കുന്നതിൽ അച്ചന് അസാധാരണ പാടവമുണ്ടായിരുന്നു.

ദൈവത്തിനുവേണ്ടിയും ദൈവജനത്തിനുവേണ്ടിയും പൂർണമായി മാറ്റിവച്ച ആ ധന്യജീവിതത്തിലെ ഊർജ്ജശ്രോതസ്സ് അനുദിന വി. കുർബാനയും, പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തിയും ആയിരുന്നു. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് മുതലുള്ള സഭാപിതാക്കന്മാരോട് ചേർന്നു നിന്നുകൊണ്ട് മലങ്കര സുറിയാനി കത്തേലിക്കാ സഭയുടെ പ്രേഷിത ദർശനത്തിന് ഊടും പാവും നൽകുന്നതിൽ വന്ദ്യ ഫിലിപ്പച്ചൻ നടത്തിയ ആത്മസമർപ്പണം ചരിത്രത്തിന്റെ ഏടുകളിൽ അവിസ്മരണീയമായിരിക്കും. സഭയുടെ തലവനും പിതാവുമായ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ 2008 മെയ് 31-ന് വന്ദ്യ ഫിലിപ്പച്ചനെ കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേയ്ക്ക് ഉയർത്തി ആ ശ്രേഷ്ഠജീവിതത്തിന് പൊതുസമൂഹത്തിൽ വലിയ അംഗീകാരം നൽകി.

1988-ൽ പൗരോഹിത്യ രജത ജൂബിലിയും 2013-ൽ സുവർണജൂബിലിയും ആഘോഷിച്ച വന്ദ്യ കോർ എപ്പിസ്ക്കോപ്പാ അച്ചന്റെ 84 വർഷത്തെ ജീവിതവും 57 വർഷത്തെ പൗരോഹിത്യ ശുശ്രൂഷാജീവിതവും കത്തോലിക്കാ സഭയുടെ പ്രേഷിത വേദിയിലെ ഒരു നന്മമരമായിരുന്നു.

## 41–ാം ചരമദിനം

വന്ദ്യ ഫിലിപ്പ് കോറെപ്പിസ്ക്കോപ്പായുടെ 41–ാം ചരമദിനം 2020 നവംബർ 5–ാം തീയതി നെല്ലിക്കാട് ചാപ്പലിൽ വച്ച് നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ആഘോഷമായ വി. കുർബാനയിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് എന്നിവർ സഹകാർമ്മികരായിന്നു. കബറിങ്കൽ ധൂപപ്രാർത്ഥന, അനുസ്മരണം, സ്നേഹഭോജനം എന്നിവ നടന്നു. ശുശ്രൂഷകളിൽ ബഹു. വൈദികർ, സിസ്റ്റേഴ്സ്, ഇടവക പ്രതി നിധികൾ, ഉഴുന്നല്ലൂർ കുടുംബാംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

## ആദരാഞ്ജലികൾ



പാറശ്ശാല ഭദ്രാസനത്തിലെ ബഹു. പ്രഭീഷ് ജോർജ്ജ് അച്ചന്റെ വത്സല പിതാവ് മുല്ലൂർ മലങ്കര കത്തോലിക്കാ ഇടവകാംഗം പ്രതിഭാ ഭവനിൽ ശ്രീ. വി. ജോർജ്ജ് (79) 2020 സെപ്തംബർ 5 ശനിയാഴ്ച കർത്താവിൽ നിദ്ര പ്രാപിച്ചു. മുല്ലൂർ ഇടവകയിലെ ഉപദേശിയായി രുന്നു പരേതൻ. ശവസംസ്ക്കാര ശുശ്രൂഷകൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് സെപ്തംബർ 6 ഞായറാഴ്ച നടന്നു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!

## ആദരാഞ്ജലികൾ



മേരി മക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ നിർമല പ്രൊവിൻസിലെ അംഗമായിരുന്ന സി. ജോസിറ്റ പറയകുന്നേൽ ഡി.എം. (82) 2020 സെപ്തംബർ 10 ന് കർത്താവിൽ നിദ്രപ്രാപിച്ചു. പുനലൂർ, ഇള മ്പൽ, പറയക്കുന്നേൽ പരേതരായ ജോസഫ്, ഏലിയാമ്മ ദമ്പതികളുടെ മകളാണ്. മാർത്താ ണ്ഡം, പോങ്ങുംമൂട്, അഞ്ചൽ, ആയൂർ, കോന്നി, കൊട്ടാരക്കര, അടൂർ, വെണ്ണിയൂർ, കിരാത്തൂർ, നെല്ലിമൂട് എന്നിവിടങ്ങളിൽ സുപ്പീരിയർ, അധ്യാ പിക, സാമൂഹ്യപ്രവർത്തക, മിഷനറി എന്നീ നില കളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുണ്ട്. ശവസംസ്ക്കാര ശുശ്രൂഷകൾ സെപ്തംബർ 10 വ്യാഴാഴ്ച്ച നെല്ലിമൂട് മഠം വക സെമിത്തേ രിയിൽ നടന്നു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!

## ആദരാഞ്ജലികൾ



പാറശ്ശാല ഭദ്രാസനത്തിലെ ബഹു. ഗീവർഗ്ഗീസ് എടപ്പോൾ അച്ചന്റെ വത്സല മാതാവ് വയനപ്പുഴ പടിറ്റേതിൽ ശ്രീമതി അന്നമ്മ ജോർജ്ജ് (83) 2020 ആഗസ്റ്റ് 24 തിങ്കളാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!

## മിഷൻ വാർത്തകൾ

### വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പാ അനുസ്മരണവും ഉപദേശി സംഗമവും

പാറശ്ശാല ഭദ്രാസനത്തിലെ ഏറ്റവും വലിയ പ്രേഷിതനായിരുന്ന വന്ദ്യ ഫിലിപ്പ് ഉഴുന്നല്ലൂർ കോറെപ്പിസ്ക്കോപ്പായുടെ അനുസ്മരണവും ഭദ്രാസനത്തിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാരുടെ സംഗമവും 2020 ഒക്ടോബർ 29 വ്യാഴാഴ്ച നെല്ലിക്കാട് ചാപ്പലിൽ വച്ച് നടന്നു. ഉച്ചയ്ക്ക് 3.30ന് ജപമാല പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. വി. കുർബാന, ധൂപപ്രാർത്ഥന, അനുസ്മരാണാ യോഗം എന്നിവ നടന്നു. 35 ഓളം ഇടവകകളിൽ നിന്ന് ഉപദേശിമാർ പങ്കെടുത്ത സംഗമത്തിൽ റവ. ഫാ. ഐസക്ക് മാവറവിളാകം, റവ. ഫാ. വിമൽ വിൻസെന്റ് എന്നിവർ സംബന്ധിച്ചു. പരിപാടികൾക്ക് ഭദ്രാസന മിഷൻ കോർഡിനേറ്റർ റവ. ഫാ. പ്രഭീഷ് ജോർജ്ജ് നേതത്വം നൽകി. നേർച്ചയോടുകൂടി അനുസ്മരണ പരിപാടികൾ അവസാനിച്ചു.

### ഫാ. ജസ്റ്റിൻ നുള്ളിക്കാടിന് അഭിനന്ദനങ്ങൾ



ചെന്നൈയിലെ സത്യഭാമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്ന് ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ ഫാ. ജസ്റ്റിൻ നുള്ളിക്കാടിന് പാറശ്ശാല ഭദ്രാസനത്തിന്റെ അഭിനന്ദന ങ്ങൾ. 'Synthesis, Characterization and Utilization of Superparamagnetic Iron-oxide Nanoparticles (SPIONs) for Sustained Drug Delivery and X-ray Imaging" എന്ന വിഷയത്തിലായിരുന്നു ഗവേഷണം.

## വിശ്വാസ പരിശീലന കാര്യാലയം

പാറശ്ശാല ഭദ്രാസനത്തിലെ 2020-21 അധ്യയനവർഷത്തിലെ സൺഡേസ്കൂൾ ഒന്ന് മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസ്സുകളുടെ ഓൺലൈൻ ക്ലാസുകൾ ഓഗസ്റ്റ് 15 ന് ആരംഭിച്ചു. ഓൺലൈൻ ക്ലാസുകൾ എല്ലാ ഇടവകകളിലും കൃത്യമായി നടക്കുന്നു എന്ന് ഉറപ്പു വരുത്താൻ ജില്ലാ ഭരണ സമിതികൾ ഇടവകകളിൽ സന്ദർശനം നടത്തുന്നു.

2019-20 അധ്യയനവർഷത്തിലെ 10,12 ക്ലാസുകളിലെ പരീക്ഷകൾ ഡിസംബർ മാസം നടത്തുന്നതാണ്.



# എം.സി.വൈ.എം.

## പാറശ്ശാല സമരിറ്റൻസ്

ലോകം മുഴുവൻ വലിയ ഭീതിയോടെ കാണുന്ന കോവിഡ് 19 വൈറസ് ബാധമൂലം മരിക്കുന്നവരുടെ അജപാലന ശുശ്രൂഷയ്ക്കായി സഹായിക്കാനും നേതൃത്വം നൽകാനായി പാറശ്ശാല സമരിറ്റൻസ് എന്ന പേരിൽ ഒരു Task Force സംഘം രൂപീകരിച്ചു. പാറശ്ശാല ഭദ്രാസന ത്തിലെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റേയും സാമൂഹ്യ ക്ഷേമ പ്രവർത്തന വിഭാഗമായ ക്ഷേമയുടേയും നേതൃത്വത്തിലാണ് ഈ സംഘത്തെ രൂപീകരിച്ചിരിക്കുന്നത്. വൈദികരും യുവനജങ്ങളുമടങ്ങിയ സംഘം പാറശ്ശാല ഭദ്രാസന പ്രദേശത്തിൽ ഇപ്രകാരം മരിക്കുന്നവ രുടെ കബറടക്ക ശുശ്രൂഷയ്ക്ക് വേണ്ട നേതൃത്വും സഹായവും നൽകു ന്നതാണ്. ഈ ടീമിന്റെ സേവനം ആവശ്യമുള്ളവർ ഇടവക വികാരി മാർ മുഖേന ബന്ധപ്പെടേണ്ടതാണ്.

ഫാ. പ്രഭീഷ് ജോർജ്ജ് (ഭദ്രാസന ഡയറക്ടർ)<br>
ഫാ. വിമൽ വിൻസെന്റ് (ഭദ്രാസന അസി. ഡയറക്ടർ)

## സമരിറ്റൻസ് പരിശീലനം

പാറശ്ശാല ഭദ്രാസനത്തിലെ സമരിറ്റൻസ് ടീമിനുള്ള പരിശീലനം 2020 സെപ്തംബർ 30 ബുധനാഴ്ച് രാവിലെ 10.30ന് ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടന്നു. നെയ്യാറ്റിൻകര ബ്ലോക്കിൽ കോവിഡ് രോഗികളുടെ ചുമതല വഹിക്കുന്ന ഡോ. ശിവകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്. കോവിഡ് 19 ബാധിച്ചവരുടെ ശവസംസ്ക്കാര ശുശ്രൂഷകളിൽ പങ്കാളികളാകുന്ന സന്നദ്ധ സേവകർ ശ്രദ്ധിക്കേണ്ട പ്രധാന ആരോഗ്യ സുരക്ഷാ നടപടികളെക്കുറിച്ച് വിശദമായ ക്ലാസ് നൽകുകയുണ്ടായി. കൃത്യമായും സുരക്ഷിതമായും PPE Kit ധരിക്കാനുള്ള പരിശീലനവും നൽകുകയുണ്ടായി. സമരിറ്റൻസ് ടീം അംഗങ്ങൾ ജില്ലാ ഡയറക്ടർമാർ എന്നിവർ പങ്കെടുത്തു. പരിശീലന പരിപാടികൾക്ക് ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ട്, യുവജന ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ റവ. ഫാ. വിമൽ വിൻസെന്റ് എന്നിവർ നേതൃത്വം നൽകി. ഉച്ചഭക്ഷണത്തോടെ പരിപാടികൾ അവസാനിച്ചു.

## ശവസംസ്കാരം നടത്തി

അരുവാട്ടുകോണം ദൈവാലയത്തിൽ കോവിഡ് 19 ബാധിച്ചു മരിച്ച വ്യക്തിയുടെ ശവസംസ്ക്കാര ശുശ്രൂഷ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് സമരിറ്റൻസ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ 2020 ഒക്ടോബർ 13 ന് നടത്തി.

## യുവജനദിനാഘോഷം: കരുതലിന്റെ ആഘോഷം

മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ (M.C.Y.M.) സ്വർഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുന്നാളിനോടനുബന്ധിച്ചു 2020 ഒകടോബർ 4 ഞായറാഴ്ച പാറശ്ശാല ഭദ്രാസനത്തിലെ ഇടവക യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ യുവജന ദിനാഘോഷം നടത്തി. ഈ വർഷത്തെ പ്രത്യേക പശ്ചാത്തലത്തിൽ സർക്കാർ നൽകിയ കോവിഡ് മാനദണ്ഡമനുസരിച്ച് ലളിതമായ രീതിയിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. ആഘോഷ പരിപാടികളുടെ ഭാഗമായി ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കോവിഡ് മഹാമാരിയുടെ ദുരിതം അനുഭവിക്കുന്ന 51 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്ത് കരുതലിന്റെ ആഘോഷമാക്കി മാറ്റി. ഭക്ഷ്യകിറ്റുകളുടെ ഔദ്യോഗിക ഉദ്ഘാടനം 2020 ഒക്ടോബർ 3 ശനിയാഴ്ച പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ ജില്ലാ

പ്രസിഡന്റുമാർക്ക് നൽകിക്കൊണ്ട് നിർവഹിച്ചു. മഹാമാരിയുടെ ഈ പ്രതിസന്ധി ഘട്ടത്തിൽ പ്രാർത്ഥനാ ശുശ്രൂഷകളിലൂടേയും ഉപവി പ്രവർത്തനങ്ങളിലൂടേയും യുവജനങ്ങൾ ഭദ്രാസനത്തിലെ കുടുംബങ്ങളെ കരുതുന്നതിനെ പിതാവ് പ്രത്യേകം അഭിനന്ദിച്ചു. പാറശ്ശാല ബിഷപ്സ് ഹൗസിൽ വച്ച് നടന്ന ലളിതമായ ചടങ്ങിൽ രൂപതാ വികാരി ജനറാൾ വന്ദ്യ ജോസ് കോണത്തുവിളയച്ചൻ, ഫിനാൻസ് ഓഫീസർ പെരിയ ബഹു. ബർണാഡ് വലിയവിളയച്ചൻ എന്നിവർ സംബന്ധിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് ആമുഖ സന്ദേശം നൽകി. അസി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ് സ്വാഗതവും എം.സി.വൈ. എം. സഭാതല ട്രഷറർ ശ്രീ. ശരത്‌ലാൽ നന്ദിയും അറിയിച്ചു. ഭദ്രാസന സമിതി അംഗങ്ങൾ, ജില്ലാഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

## വിവാഹാശംസകൾ

2020 ഒക്ടോബർ 19ന് വിവാഹ കൂദാശയിലൂടെ കുടുംബജീവിതത്തിലേയ്ക്ക് പ്രവേശിച്ച എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ പൊന്നെടുത്തകുഴിക്കും (പൊന്നെടുത്തക്കുഴി ഇടവക), 2020 നവംബർ 5-ന് വിവാഹിതയായ ഭദ്രാസ സമിതി എക്സിക്യുട്ടീവ് അംഗവും കെ.സി.വൈ.എം. പ്രതിനിധിയുമായ ലീജയ്ക്കും (പാമ്പുകാല ഇടവക) ഭദ്രാസനസമിതിയുടെ ആശംസകളും പ്രാർത്ഥനകളും.

## ജപമാല മാസാചരണം

ആഗോള കത്തോലിക്കാ സഭ ജപമാല മാസമായി ആചാരിക്കുന്ന ഒക്ടോബർ മാസത്തിൽ എം.സി.വൈ.എം. നെയ്യാറ്റിൻകര വൈദിക ജില്ലയുടെ നേതൃത്വത്തിൽ നിർമിച്ച 500 ജപമാലകൾ 2020 ഒക്ടോബർ 31 നു ജില്ലാ ഡയറക്ടർ റവ. ഫാ. ജോർജ് മേച്ചേരിമുകളിൽ ആശീർവദിക്കുകയും ജില്ലാ പ്രസിഡന്റ് അരുൺ, സെക്രട്ടറി ജിൻസി എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ യുവജനങ്ങൾക്കും വൈദികർക്കും സിസ്റ്റേഴ്സിനും നൽകുകയും ചെയ്തു.

## ഭക്ഷ്യ കിറ്റ് വിതരണം

നെയ്യാറ്റിൻകര വൈദികജില്ലാ എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ഭക്ഷ്യസാധനങ്ങൾ അടങ്ങിയ 120 കിറ്റുകൾ വൈദികജില്ല യിലെ ക്വാറന്റൈനിൽ കഴി യുന്ന കുടുംബങ്ങൾക്കു 2020 ഓഗസ്റ്റ് 16 ന് വിതരണം ചെയ്തു. ജില്ലാ ഡയറക്ടർ ഫാ. ജോർജ് മേച്ചേരിമുകളിൽ, ആനിമേറ്റർ സിസ്റ്റർ നിസീമ ഡി.എം., ജില്ലാ പ്രസിഡന്റ് അരുൺ എന്നിവർ നേതൃത്വം നൽകി.



# Kshema Integrated Development Society (KIDS)

## ക്യാൻസർ ബോധവൽക്കരണ ക്ലാസ്




ക്ഷേമ ഇൻറഗ്രേറ്റഡ് ഡെവലപ്മെൻറ് സൊസൈറ്റിയും മേരി മക്കൾ സന്ന്യാസി സമൂഹം വെണ്ണിയൂർ നിർമ്മല പ്രൊവിൻസിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും സംയുക്തമായി സഹകരിച്ച് 2020 ഒക്ടോബർ മാസം 31 ന് നൂറോളം സിസ്റ്റേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ട് ഓൺലൈനായി ഒരു ക്യാൻസർ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

## സമരിറ്റൻസ് ടീം

കോവിഡ് 19 ബാധിച്ചു മരിക്കുന്നവരുടെ ശവസംസ്ക്കാര ശുശ്രൂഷകളിൽ പങ്കാളികളാകുന്ന സന്നദ്ധ സേവകരുടെ ഒരു സംഘം 'ക്ഷേമ'യുടെ നേതൃത്വത്തിൽ രൂപീകരിച്ചു. സമരിറ്റൻസ് എന്ന് പേര് നൽകിയിരിക്കുന്ന സംഘത്തിനുള്ള പരിശീലനം 2020 സെപ്തംബർ 30 ബുധനാഴ്ച രാവിലെ 10.30ന് ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടന്നു. നെയ്യാറ്റിൻകര ബ്ലോക്കിലെ കോവിഡ് രോഗികളുടെ ചുമതല വഹിക്കുന്ന ഡോ. ശിവകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശീലനം നൽകിയത്. സന്നദ്ധ സേവകർ ശ്രദ്ധിക്കേണ്ട പ്രധാന ആരോഗ്യ സുരക്ഷാ നടപടികൾ, സുരക്ഷിതമായി പി.പി.ഇ. കിറ്റ് ധരിക്കാനുള്ള പരിശീലനം എന്നിവയുടെ വിശദമായ ക്ലാസ് നൽകപ്പെട്ടു. പരിശീലന പരിപാടികൾക്ക് ക്ഷേമ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ട്, യുവജന ഡയറക്ടർ റവ. ഫാ. പ്രഭീഷ് ജോർജ്ജ്, അസി. ഡയറക്ടർ റവ. ഫാ. വിമൽ വിൻസെന്റ് എന്നിവർ നേതൃത്വം നൽകി.

# മാതൃവേദി

## വാർഷിക സമ്മേളനവും സമ്മാനദാനവും

നെയ്യാറ്റിൻകര ജില്ലാ മാതൃവേദിയുടെ വാർഷിക സമ്മേളനം 2020 ഒക്ടോബർ 25 ഞായറാഴ്ച ചായ്ക്കോട്ടുകോണം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽവച്ച് നടന്നു. മാതൃവേദി ജില്ലാ പ്രസിഡന്റ് ശ്രീമതി സന്ധ്യ വിനോദ് ആധ്യക്ഷം വഹിച്ച യോഗത്തിൽ നെയ്യാറ്റിൻകര ജില്ലാ മാതൃവേദി ഡയറക്ടർ ഫാ. ഷീൻ തങ്കാലയം സ്വാഗതമാശംസിച്ചു. പാറശാല ഭദ്രാസന വികാരി ജനറൽ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള സമ്മേളനം ഉദ്ഘാടനം ചെയ്തു. സി. മെർലിൻ മരിയ ഡി.എം. ആശംസകൾ അർപ്പിച്ചു. ജില്ലാ സെക്രട്ടറി ശ്രീമതി ഷീജ കണ്ണറവിള 2019– 20 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. സമ്മാനാർഹരായ അമ്മമാർ, ജില്ലാ ഭാരവാഹികൾ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. 2020 ജനുവരി 11, 12 തീയതികളിൽ കൊടങ്ങാവിള സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വച്ച് നടത്തിയ മാതൃവേദിയുടെ മത്സരങ്ങളിൽ വിജയികളായവർക്ക് ഈ മീറ്റിംഗിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. മാതൃവേദി വൈസ് പ്രസിഡന്റ് ശ്രീമതി ബിനു ചായ്ക്കോട്ടുകോണം നന്ദി അർപ്പിച്ചു. സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.





# വിദ്യാഭ്യാസം

## പാറശ്ശാല ഗിൽഡ് യുവജനോത്സവം 2020

പാറശ്ശാല ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ എയ്ഡഡ് സ്കൂളുകൾക്ക് വേണ്ടി ഓൺലൈൻ യുവജനോത്സവം സംഘടിപ്പിക്കുന്നു. നവംബർ 30 ന് നടക്കുന്ന മത്സരങ്ങളിൽ മൂന്നു വിഭാഗങ്ങളിലായി എല്ലാ വിദ്യാലയങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുക്കും.

**മത്സര ഇനങ്ങൾ (അധ്യാപകർ)**

1. കവിതാ രചന, വിഷയം: പച്ച
2. ഉപന്യാസം (5 പുറങ്ങളിൽ കവിയരുത്)
   വിഷയം: 'അധ്യാപക-വിദ്യാർത്ഥി ബന്ധത്തിൽ കോവിഡ് 19 വരുത്തിയ മാറ്റങ്ങൾ'

**മത്സര ഇനങ്ങൾ (വിദ്യാർഥികൾ)**

### LP

1. ലളിതഗാനം (5 Minutes, Video Song)
2. ചിത്രരചന (A4 പേപ്പറിൽ, നിറങ്ങൾ ഉപയോഗിക്കാം)
   വിഷയം: 'എന്റെ വിദ്യാലയം'

### UP

1. ലളിതഗാനം (5 Minutes, Video Song)
2. പ്രസംഗം (5 Minutes, Video)
   വിഷയം: 'ഉത്തരവാദിത്തമുള്ള വിദ്യാർത്ഥിയുടെ കടമകൾ'

### HS

1. ലളിതഗാനം (5 Minutes, Video Song)
2. പ്രസംഗം (5 Minutes, Video)
   വിഷയം: 'മൊബൈൽ ഫോൺ ഒരു അനുഗ്രഹമോ ശാപമോ'
3. ഉപന്യാസം (5 പുറങ്ങളിൽ കവിയരുത്)
   വിഷയം: 'ഓൺലൈൻ പഠനത്തിന്റെ സാധ്യതകളും വെല്ലുവിളികളും'

## ഓൺലൈൻ ഓണാഘോഷ മത്സരങ്ങൾ

പാറശ്ശാല ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി സെപ്തംബർ രണ്ടാം തീയതി ഓൺലൈൻ ഓണാഘോഷ മത്സരങ്ങൾ നടന്നു. ഭദ്രാസനത്തിലെ എല്ലാ വിദ്യാലയങ്ങളും മത്സരങ്ങളിൽ പങ്കെടുത്തു. LP, UP, HS വിഭാഗങ്ങളിലായി നടന്ന മത്സരങ്ങൾക്ക് അധ്യാപകർ നേതൃത്വം നൽകി.




### ഓണാഘോഷ മത്സരഫലങ്ങൾ

A. ഓണപ്പാട്ട്

LP : Sruthi, M.S.C. L.P.S., Maruthathoor

UP : Adithya B K, St. Chrysostoms GHS, Nellimoodu

HS : Devika S R, St. Chrysostoms GHS, Nellimoodu

B. **ഡിജിറ്റൽ പൂക്കളം**

LP : Abhisho, M.S.C. L.P.S., Cheriyakolla Kudayal

UP : Niya S N, St. Chrysostoms GHS, Nellimoodu

HS : Adna Sherjin, St. Chrysostoms GHS, Nellimoodu

C. **ഓണസുന്ദരിയും ഓണസുന്ദരനും**

**LP**

Ananya Krishna, M.S.C. L.P.S., Ponnumangalam

Arjun, M.S.C. L.P.S., Maruthathoor

**UP**

Adithya A R, St. Joseph's UPS, Venniyoor

Seona, St. Chrysostoms GHS, Nellimoodu (Special Mention)

Ajarul Aswad R, St. Chrysostoms GHS, Nellimoodu

**HS**


Aakarsha V B, St. Chrysostoms GHS, Nellimoodu

സമ്മാനത്തുകയായ 500 രൂപാ വീതം അതതു വിദ്യാലയങ്ങളിൽ വച്ച് ശിശുദിനാഘോഷ സമയത്തു നൽകുന്നതാണ്.

## ഓണാഘോഷ മത്സര ഫലങ്ങൾ

## ഓണപ്പാട്ട്










# ഓണാഘോഷ മത്സര ഫലങ്ങൾ

## ഓണസുന്ദരിയും ഓണസുന്ദരനും


















# സ്മരണീയ ദിനങ്ങൾ

## 2020 നവംബർ

| | | |
|---|---|---|
| 1 | ഞായർ | **കൂദോശ് ഈത്തൊ ഞായർ** (സഭയുടെ വിശുദ്ധീകരണം)<br>**ആരാധനക്രമ വത്സരാരംഭം**<br>സകല വിശുദ്ധന്മാരുടെയും ഓർമ്മ |
| 3 | ചൊവ്വ | **അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് തിരുമേനിയുടെ ഓർമ്മ (1998)** |
| 8 | ഞായർ | **ഹൂദോസ് ഈത്തൊ ഞായർ** (സഭയുടെ നവീകരണം) |
| 13 | വെള്ളി | സ്വർണനാവുകാരനായ മാർ ഈവാനിയോസ്<br>**അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുനാൾ** |
| 15 | ഞായർ | **സ്കറിയായോടുള്ള അറിയിപ്പ്**<br>**സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം** |
| 21 | ശനി | **വി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം** |
| 22 | ഞായർ | **വി. ദൈവമാതാവിനോടുള്ള അറിയിപ്പ്**<br>ക്രിസ്തുരാജത്വത്തിരുനാൾ (ലത്തീൻ ക്രമം) |
| 23 | തിങ്കൾ | **സെന്റ് എഫ്രേം – കഡ്കി ഭദ്രാസന സ്ഥാപനം (2019)** |
| 29 | ഞായർ | **വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു** |

# സ്മരണീയ ദിനങ്ങൾ

## 2020 ഡിസംബർ

| | | |
|---|---|---|
| 1 | ചൊവ്വ | **ഇരുപത്തഞ്ച് നോമ്പാരംഭം** |
| 3 | വ്യാഴം | വി. ഫ്രാൻസിസ് സേവ്യർ |
| 4 | വെള്ളി | ഡമാസ്കസിലെ മാർ യോഹന്നാൻ |
| 6 | ഞായർ | **യോഹന്നാൻ മാംദാനയുടെ ജനനം** |
| 8 | ചൊവ്വ | **വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ** |
| 13 | ഞായർ | **മാർ യൗസേപ്പിനുണ്ടായ ദർശനം** |
| 16 | ബുധൻ | **മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996)** |
| 20 | ഞായർ | **യൽദായ്ക്കു മുമ്പുള്ള ഞായർ** |
| 25 | വെള്ളി | **യൺദാപ്പെരുന്നാൾ (ക്രിസ്തുമസ്)** |
| **26** | ശനി | **വി. ദൈവമാതാവിന്റെ പുകഴ്ച** |
| 27 | ഞായർ | **യൽദായ്ക്കുശേഷം ഒന്നാം ഞായർ** |
| | | **ബൈബിൾ ഞായർ** |




പാറശ്ശാല ഭദ്രാസനത്തിലെ സമരിറ്റൻസ് ടീം



യുവജന ദിനാഘോഷങ്ങളുടെ ഭാഗമായുള്ള ഭക്ഷ്യകിറ്റ് വിതരണ ഉദ്ഘാടനം



നെയ്യാറ്റിൻകര വൈദിക ജില്ലയുടെ ജപമാല മാസാചരണം



പാറശ്ശാല ഭദ്രാസന ഉപദേശി സംഗമം

Design & Layout : Syam, Nia Graphics, Chowara 9747 044 811



പുനരൈക്യവാർഷിക സഭാസംഗമം

Printed and Published by Diocese of Parassala
Catholic Bishop's House
Kudayal, Ayira P.O., Parassala, Kerala, India 695 502